2023
JUNE
14
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

# വിലക്കയറ്റം കുറഞ്ഞു കേരളത്തിൽ കുറയുന്നില്ല



**ന്യൂഡൽഹി:** രാജ്യത്തെ വിലക്കയറ്റത്തോത് 2 വർഷത്തിനിടെയുള്ള ഏറ്റവും കുറഞ്ഞ നിരക്കായ 4.5 ശതമാനത്തിലെത്തി. ഏപ്രിലിലെ നാണ്യപ്പെരുപ്പ നിരക്ക് 4.7 ശതമാനമായിരുന്നു. നിരക്ക് 4 ശതമാനത്തിലെത്തിക്കുകയാണ് ആർബിഐയുടെ ലക്ഷ്യം. ഭക്ഷ്യവസ്തുക്കളുമായി ബന്ധപ്പെട്ട നിരക്ക് ഏപ്രിലിൽ 3.84% ആയിരുന്നത് 2.91% ആയി കുറഞ്ഞു. നവംബർ, ഡിസംബർ മാസങ്ങളിൽ ഉപഭോക്തൃ വില സൂചിക (സിപിഐ) അടിസ്ഥാനമാക്കിയുള്ള നാണ്യപ്പെരുപ്പ നിരക്കിൽ കുറവുണ്ടായിരുന്നെങ്കിലും ജനുവരിയിലും ഫെബ്രുവരിയിലും ഇത് വീണ്ടും ഉയർന്നിരുന്നു. മാർച്ച് മുതലാണ് കാര്യമായ കുറവ് പ്രകടമായത്. വിവിധ സേവനങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും വിലയിൽ ഇത്തവണ കാര്യമായ കുറവുണ്ടായി. ഈ നില വരും മാസങ്ങളിലും തുടർന്നാൽ പലിശവർധന ഭീതി ഒഴിവാകും.

രാജ്യത്തിന്റെ വിലക്കയറ്റത്തോത് രണ്ടു വർഷത്തെ താഴ്ന്ന നിലവാരത്തിലായിട്ടും കേരളത്തിൽ വിലക്കുറവ് അനുഭവപ്പെടുന്നില്ല. ചില്ലറ വിലയെ അടിസ്ഥാനമാക്കിയുള്ള വിലക്കയറ്റത്തോത് കണക്കാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന ഭക്ഷ്യോൽപന്നങ്ങളിൽ കേരളത്തിലെ ഉൽപന്നങ്ങൾ കര്യമായില്ലാത്തതാണു കാരണം. കേരളം ഉപഭോക്തൃ സംസ്ഥാനമായതിനാൽ ഇവിടെ എത്തുമ്പോഴേക്കും പച്ചക്കറി ഉൾപ്പെടെയുള്ളവയ്ക്ക് വലിയ തോതിൽ വില കൂടും.

കേരളത്തിലെ വിലക്കയറ്റത്തോത് ഏപ്രിലിൽ 5.63% ആയിരുന്നത് മേയിൽ 4.48% ആയി കുറഞ്ഞു. ഫെബ്രുവരിയിൽ 6.27 ശതമാനവും ജനുവരിയിൽ 6.54 ശതമാനവും ആയിരുന്നു നിരക്ക്. ജീരകത്തിന് കിലോയ്ക്ക് 200 രൂപയും സാമ്പാർ പരിപ്പിന് കിലോയ്ക്ക് 40 രൂപയും വെളുത്തുള്ളിക്ക് 35 രൂപയും വറ്റൽ മുളകിന് 30 രൂപയും കൂടി. 40 രൂപയായിരുന്ന ചെറിയ ഉള്ളിയുടെ വില 80 രൂപയായി.

230 രൂപയായിരുന്ന വറ്റൽ മുളകിന് 270 രൂപയായി. വെള്ളക്കടലയുടെ വില 105 രൂപയിൽ നിന്ന്155 ലേക്കും ചെറുപയർ 110 ൽ നിന്ന് 140 രൂപയായും ഉഴുന്ന് 110 ൽ നിന്ന് 127 ലേക്കും ഉയർന്നു. ജീരകത്തിന്റെ വില കിലോയ്ക്ക് 380 ൽ നിന്ന് 580 രൂപയായും പെരുംജീര!കത്തിന്റെ വില 120 ൽ നിന്ന് 220 ആയും ഉയർന്നു. വെളുത്തുള്ളി കിലോയ്ക്ക് 85 രൂപയിൽ നിന്ന് 120 ആയും സാമ്പാർ പരിപ്പ് 100 ൽ നിന്ന് 140 രൂപയായും ഉയർന്നു.

അടുക്കള ബജറ്റ് താളം തെറ്റിച്ച് നിത്യോപയോഗ സാധനങ്ങൾക്ക് തീവില. 20 ദിവസത്തിനുള്ളിലാണ് പലവ്യഞ്ജനങ്ങൾക്കും പച്ചക്കറിക്കും വില കുത്തനെ കൂടിയത്.പലവ്യഞ്ജനങ്ങൾക്ക് രണ്ടാഴ്ചയ്ക്കുള്ളിൽ 30 മുതൽ 200 രൂപ വരെ വില ഉയർന്നു. പച്ചക്കറിക്ക് കിലോയ്ക്ക് 20 50 രൂപ കൂടി. ചൈന ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ നിന്ന് പയർ, പരിപ്പ് എന്നിവയുടെ ഇറക്കുമതി നിർത്തലാക്കിയതും ചൂട്, കൃഷിയെ ബാധിച്ചതും വിലക്കയറ്റത്തിനു കാരണമായതായി വ്യാപാരികൾ പറയുന്നു. പലയിടത്തും സാധനങ്ങൾ പൂഴ്ത്തിവയ്ക്കുന്നതായി പരാതി. അധികൃതർ നടപടിയെടുക്കുന്നില്ലെന്നും ആരോപണമുണ്ട്. സപ്ലൈകോയുടെ മാവേലി സ്റ്റോറുകളിൽ സാമ്പാർ പരിപ്പും വറ്റൽ മുളകും കിട്ടാനില്ല. ഹോർട്ടികോർപ്പിലെ ചില ഇനങ്ങൾക്ക് പൊതുവിപണിയെക്കാൾ വില കൂടുതലാണുതാനും. പൂഴ്ത്തിവയ്പ്പ് തടയാൻ കർശന നടപടിയെടുക്കുമെന്നും വിപണി ഇടപെടൽ ശക്തമാക്കുമെന്നും മന്ത്രി ജി.ആർ.അനിൽ പറഞ്ഞു.



## വ്യാവസായിക ഉൽപാദനത്തിൽ വർധന; ഏപ്രിലിൽ നിരക്ക് വർധന 4.2%

**ന്യൂഡൽഹി:** ഏപ്രിലിലെ വ്യാവസായിക ഉൽപാദനത്തിൽ 4.2% വർധനവ്. ഇതോടെ ഏപ്രിലിൽ നിരക്ക് 6.7 ശതമാനത്തിലേക്കെത്തി. മാർച്ചിൽ 1.1 ശതമാനവുമായി 5 മാസത്തെ ഏറ്റവും താഴ്ന്ന നിരക്കിലായിരുന്നു വ്യാവസായിക ഉൽപാദനം. സ്റ്റാറ്റിസ്റ്റിക്കൽ മന്ത്രാലയം ഇന്നലെയാണ് ഇതു സംബന്ധിച്ച് പുതിയ കണക്കുകൾ പുറത്തുവിട്ടത്.

ഉൽപാദനത്തിൽ പെട്ടെന്നുണ്ടായ വർധനവ് അപ്രതീക്ഷിതമാണെങ്കിലും ഖനനമുൾപ്പെടെയുള്ള മേഖലകൾ സജീവമായത് രാജ്യത്ത് വിപണിക്കു നേട്ടമായി. മാർച്ചിൽ ഖനനത്തിലുണ്ടായ 6.8 ശതമാനം കുറവ് ഏപ്രിലിൽ 5.1 ശതമാനമായി ഉയർന്നു. എന്നാൽ വൈദ്യുതി ഉൽപാദനം ഏപ്രിലിലും 1.1 ശതമാനം താഴേക്കു പോയി.

റിപ്പോർട്ടു പ്രകാരം, ഈടു നിൽക്കാത്ത ഉൽപന്നങ്ങളിലാണ് (നോൺ ഡ്യൂറബിൾ) ഏറ്റവും കൂടുതൽ വളർച്ച രേഖപ്പെടുത്തിയത്. മാർച്ചിൽ 2.7 ശതമാനം ഇടിഞ്ഞെങ്കിലും ഏപ്രിലിൽ ഇത് 10.7 ശതമാനമായി ഉയർന്നു. ഇൻഫ്രാസ്ട്രക്ചർ വിഭാഗത്തിലും വളർച്ച മാർച്ചിലെ 7 ശതമാനത്തിൽ നിന്നും ഏപ്രിലിൽ 12.8 ശതമാനത്തിലേക്കെത്തി.

## വിദേശവിപണി പിടിക്കാൻ കയർഫെഡ്

**ആലപ്പുഴ:** വിദേശ വിപണി പിടിക്കാൻ ലാറ്റക്സ് ടഫ്റ്റഡ് മാറ്റുകളുമായി കയർഫെഡ്. ലാറ്റക്സ് പാളിയിൽ കയർ ഉറപ്പിച്ചു നിർമിക്കുന്ന ചവിട്ടികളാണിവ. പ്രകൃതി സൗഹൃദമാണെന്നതാണു ലാറ്റക്സ് ഉൽപന്നങ്ങൾക്കു സ്വീകാര്യത കൂട്ടുന്നത്. കണിച്ചുകുളങ്ങര കയർ പാർക്കിലെ പിവിസി ടഫ്റ്റഡ് യൂണിറ്റിലാണു ലാറ്റക്സ് ടഫ്റ്റ്ഡ് ഉൽപന്നങ്ങൾ നിർമിക്കുക. മാറ്റുകൾക്കും കയറ്റുമതി ഓർഡറുകളെത്തിയതോടെയാണു കയർ പാർക്കിലെഈ യൂണിറ്റ് പ്രവർത്തനം പുനരാരംഭിച്ചത്. വിദേശ വ്യാപാര ലൈസൻസ് പുതുക്കി വിദേശ വ്യാപാരം ആരംഭിച്ചു.

## ഗോതമ്പ് സംഭരണത്തിന് പരിധി



**ന്യൂഡൽഹി:** രാജ്യത്ത് ഗോതമ്പ് സ്റ്റോക്ക് ചെയ്യുന്നതിനു കേന്ദ്ര സർക്കാർ പരിധി നിശ്ചയിച്ചു. പൂഴ്ത്തിവയ്പ് തടയാൻ ലക്ഷ്യമിട്ടാണിത്. അടുത്ത മാർച്ച് വരെയാണു പരിധി ബാധകം. മൊത്തക്കച്ചവടക്കാർക്ക് 3000 ടൺ ആണു സ്റ്റോക്ക് പരിധി. റീട്ടെയ്ൽ വ്യാപാരികൾക്കുള്ള പരിധി 10 ടൺ. വൻകിട വ്യാപാര ശൃംഖലകൾക്ക് സ്വന്തം ഡിപ്പോകളിൽ 3000 ടണ്ണും അവരുടെ വ്യാപാരശാലകളിൽ 10 ടൺ വീതവും സൂക്ഷിക്കാം.



# ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ പൊതുജനാരോഗ്യത്തിന് ഉണർവ് പകരും: മന്ത്രി

**തൃശൂർ:** കേരളത്തിലെ പൊതുജന ആരോഗ്യത്തിന് വലിയ ഉണർവ് പകരുന്നതാണ് ജനകീയ ആരോഗ്യ കേന്ദ്രങ്ങളെന്നും സമഗ്രമായ പ്രാഥമിക ആരോഗ്യ പരിരക്ഷ താഴെത്തട്ടിൽ വരെ എത്തിക്കുകയെന്നതാണ് ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ ലക്ഷ്യമെന്നും തുറമുഖ മ്യൂസിയം വകുപ്പ് മന്ത്രി അഹമ്മദ് ദേവർകോവിൽ. എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ ആയിരംകണ്ണി ജനകീയാരോഗ്യ കേന്ദ്രം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.



അടിസ്ഥാന ജീവിത സൗകര്യങ്ങളും അവകാശങ്ങളും നിഷേധിക്കപ്പെട്ട വിഭാഗങ്ങളിലേക്ക് കൂടി മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ എത്തിക്കാൻ കഴിഞ്ഞാൽ മാത്രമേ നാം ഉദ്ദേശിക്കുന്ന നേട്ടം പൂർണ്ണമായി കൈവരിക്കാനാവൂ എന്നും മന്ത്രി പറഞ്ഞു. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഉയർന്ന ആരോഗ്യ നിലവാരം കൈവരിച്ചിട്ടുണ്ട് എന്നത് അഭിമാനകരമായ നേട്ടമാണ്. ആരോഗ്യ സൂചികകളിൽ വികസിത രാജ്യങ്ങൾക്കൊപ്പമാണ് നമ്മുടെ സംസ്ഥാനം. ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലൂടെ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളാണ് സംസ്ഥാന സർക്കാർ ഒരുക്കുന്നത്. ആഴ്ചയിൽ ആറു ദിവസവും ഒമ്പത് മണി മുതൽ വൈകിട്ട് നാല് മണി വരെ സേവനം ലഭിക്കും എന്നതാണ് ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ പ്രധാന പ്രത്യേകത. ആരോഗ്യ മേഖലയിൽ നാം കൈവരിച്ചു കൊണ്ടിരിക്കുന്ന നേട്ടങ്ങൾ നമ്മുടെ കൂട്ടായ്മയുടെ വിജയമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

എൻ.കെ അക്ബർ എം എൽ എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 25 ലക്ഷം ചെലവഴിച്ചാണ് കുടുംബാരോഗ്യ കേന്ദ്രം നിർമ്മിച്ചിരിക്കുന്നത്. മൂന്ന് ചികിത്സാ മുറികൾ, വിശ്രമസ്ഥലം, രണ്ട് ബാത്റൂമുകൾ ഉൾപ്പെടെ 840 സ്ക്വയർഫീറ്റ് വിസ്തീർണത്തിലാണ് ആരോഗ്യ കേന്ദ്രം സജ്ജമാക്കിയിരിക്കുന്നത്. പകർച്ചവ്യാധികൾ, ജീവിത ശൈലി രോഗങ്ങൾ എന്നിവയുടെ പ്രതിരോധ പ്രവർത്തനങ്ങൾ കേന്ദ്രത്തിലൂടെ സാധ്യമാകും. ജനകീയ ആരോഗ്യ ക്ലബ്ബുകൾ രൂപീകരിച്ച് വ്യായാമം, യോഗ ,ലഹരി വിരുദ്ധ ബോധവത്കരണം, മാനസികാരോഗ്യം, ഗർഭിണികൾ,കുട്ടികൾ കിടപ്പുരോഗികൾ എന്നിവർക്ക് പ്രത്യേകം ആരോഗ്യ സേവനങ്ങളും കേന്ദ്രത്തിൽ ലഭ്യമാകും.

ആരോഗ്യ കേന്ദ്രം നിർമ്മിക്കാനായി സൗജന്യമായി 10 സെന്റ് ഭൂമി വിട്ടു നൽകിയ എരണേഴത്ത് വീട്ടിൽ വിനോദിനെയും കുടുംബത്തേയും ചടങ്ങിൽ മന്ത്രി ആദരിച്ചു. മാതാപിതാക്കളായ പത്മനാഭൻ നാരായണി ദമ്പതികളുടെ സ്മരണാർത്ഥമാണ് വിനോദ് സൗജന്യമായി പഞ്ചായത്തിന് ഭൂമി വിട്ടു നൽകിയത്.

എൻ കെ അക്ബർ എം എൽ എ ചടങ്ങിൽ അധ്യക്ഷനായി. തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ സി പ്രസാദ്, തൃശൂർ ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി എം അഹമദ്, ഡി എം ഒ ഡോ. ടി പി ശ്രീദേവി, ഡി പി എം ഡോ. ടി വി റോഷ് തുടങ്ങിയവർ മുഖ്യാതിഥികളായി.

അസിസ്റ്റന്റ് എഞ്ചിനീയർ നയന ജോസ് സി റിപ്പോർട്ട് അവതരിപ്പിച്ചു. എങ്ങണ്ടിയൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സുശീല സോമൻ , ജനപ്രതിനിധികളായ നിമിഷ അജീഷ്, ബി കെ സുദർശനൻ, കെ ബി സുരേഷ്, ബിന്ദു സുരേഷ്, സതീഷ് പനക്കൽ, അനിത മുരുകേശൻ, ഷീന ദിലീപ് കുമാർ, ഡോ നിജു ജോർജ് കുന്നത്ത്, മറ്റു ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു

## ദേശീയ ലോക് അദാലത്ത് : 24586 കേസുകൾ തീർപ്പാക്കി

**കോട്ടയം :** കോട്ടയം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ വിവിധ താലൂക്കു ലീഗൽ സർവീസസ് കമ്മറ്റികളുടെ നേതൃത്വത്തിൽ ശനിയാഴ്ച (ജൂൺ 10) നടത്തിയ ദേശീയ ലോക് അദാലത്തിൽ 24586 കേസുകൾ തീർപ്പാക്കി. കോടതികളിൽ നിലവിലുള്ള കേസുകളും ഇതര തർക്കങ്ങളുമാണ് അദാലത്തിൽ പരിഗണിച്ചത്. 16,75, 52787രൂപയാണ് വിവിധ കേസുകളിലായി വിധിച്ചത്. ആകെ 33,339 കേസുകളാണ് പരിഗണിച്ചത്. തീർപ്പാക്കിയ കേസുകളിൽ 23481 എണ്ണം പെറ്റി കേസുകൾ ആണ്. കോടതിയിൽ നിലവിലുള്ള 485 കേസുകളും അദാലത്തിൽ പരിഹരിച്ചു. ബാങ്ക് റിക്കവറി , വാഹനാപകട കേസുകൾ, വിവാഹം , വസ്തു തർക്കങ്ങൾ, രജിസ്ട്രേഷൻ വകുപ്പിലെ അണ്ടർ വാല്യൂ വേഷൻ കേസുകൾ എന്നിവയാണ് അദാലത്തിൽ പരിഗണിച്ചത്. ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി ചെയർമാനും ജില്ലാ ജഡ്ജിയുമായ എൻ. ഹരികുമാർ , ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി സെക്രട്ടറിയും സബ് ജഡ്ജി യുമായ രാജശ്രീ രാജ്ഗോപാൽ എന്നിവർ നേതൃത്വം നൽകി.

## ഹൃദ്യം വഴി 6000 ലധികം കുഞ്ഞുങ്ങൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയ നടത്തി

**തിരുവനന്തപുരം:** ആരോഗ്യ വകുപ്പിന്റെ ഹൃദ്യം പദ്ധതിയിലൂടെ 6,015 കുഞ്ഞുങ്ങൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയ നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഈ വർഷം ഇതുവരെ 561 കുഞ്ഞുങ്ങൾക്ക് ഹൃദയ ശസ്ത്രക്രിയ നടത്താനായി. ഹൃദ്രോഗത്തിന്റെ തീവ്രതയനുസരിച്ച് കാലതാമസമില്ലാതെ കുഞ്ഞുങ്ങൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കാൻ വലിയ ഇടപെടലുകളാണ് സർക്കാർ നടത്തി വരുന്നത്. കഴിഞ്ഞയാഴ്ച വിളിച്ചു ചേർത്ത അവലോകന യോഗത്തിൽ ഹൃദ്യം പദ്ധതി വഴി ഹൃദയ ശസ്ത്രക്രിയ നടത്താൻ കൂടുതൽ ആശുപത്രികളിൽ സൗകര്യങ്ങളൊരുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കുഞ്ഞുങ്ങളുടെ ഹൃദയ ശസ്ത്രക്രിയാസംവിധാനം ശക്തിപ്പെടുത്തുന്നതിന് നാലംഗ വിദഗ്ധ സമിതി രൂപീകരിച്ചതായും മന്ത്രി വ്യക്തമാക്കി.

ജന്മനായുള്ള ഹൃദ്രോഗം സമയബന്ധിതമായി ഹൃദയ ശസ്ത്രക്രിയ നടത്തി കുഞ്ഞുങ്ങളെ മരണത്തിൽ നിന്നും രക്ഷപ്പെടുത്താനാകും. 9 സർക്കാർ, സ്വകാര്യ ആശുപത്രികൾ ഇതിനായി എംപാനൽ ചെയ്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളജ്, എറണാകുളം ജനറൽ ആശുപത്രി ഉൾപ്പെടെ കൂടുതൽ ആശുപത്രികളിൽ കുഞ്ഞുങ്ങളുടെ ഹൃദയ ശസ്ത്രക്രിയ നടത്താനുള്ള സംവിധാനമൊരുക്കുന്നതാണ്. അത്യാഹിത സ്വഭാവമുള്ള കേസുകളാണെങ്കിൽ 24 മണിക്കൂറിനകം ശസ്ത്രക്രിയയ്ക്ക് ഒഴിവുള്ള ആശുപത്രിയിൽ കുഞ്ഞിനെ പ്രവേശിപ്പിച്ച് വിദഗ്ധ ചികിത്സ ലഭ്യമാക്കും. നവജാത ശിശുക്കൾ മുതൽ 18 വയസുവരെയുള്ള കുട്ടികൾക്ക് ഹൃദ്യം പദ്ധതിയിലൂടെ സൗജന്യ ഹൃദയ ശസ്ത്രക്രിയയും ചികിത്സയും തുടർപരിചരണവും നടത്താനാകും. ഗർഭസ്ഥ ശിശുവിന് ഹൃദ്രോഗം കണ്ടെത്തിയാൽ പോലും പ്രസവം മുതലുള്ള തുടർചികിത്സകൾ ഹൃദ്യം പദ്ധതിയിലൂടെ സൗജന്യമായി ലഭ്യമാക്കുന്നു.

ഹൃദ്യത്തിലൂടെ ഹൃദ്രോഗ ചികിത്സ തേടിയ കുഞ്ഞുങ്ങളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ വളർച്ചയ്ക്കും വികാസത്തിനും പിന്തുണ നൽകുന്ന തുടർപിന്തുണാ പദ്ധതിയും ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. സാധാരണ കുഞ്ഞുങ്ങളെ അപേക്ഷിച്ച് ഇത്തരം കുട്ടികൾക്ക് കൂടുതൽ പിന്തുണ ആവശ്യമാണ്. ഈ കുഞ്ഞുങ്ങളെ പരിശോധന നടത്തി അതിൽ പ്രശ്നമുണ്ടെന്ന് കണ്ടെത്തിയവർക്ക് ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്ററുകൾ വഴി തുടർ ചികിത്സ ഉറപ്പാക്കി വരുന്നു.

## മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് സമ്മാനം; അപേക്ഷ ക്ഷണിച്ചു

**തൃശൂർ:** 2022, 23 അധ്യയന വർഷത്തിൽ എസ്എസ്എൽസി, വിഎച്ച്എസ്ഇ, പ്ലസ്ടു, എസ്എൽസി എന്നീ പരീക്ഷകളിൽ ഉന്നത വിജയം നേടിയ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെ മക്കൾക്ക് പ്രോത്സാഹന സമ്മാനവും 20232024 വർഷത്തിൽ കായിക, വിനോദ മത്സരങ്ങളിൽ ദേശീയതലത്തിലും സംസ്ഥാനതലത്തിലും വിജയികളായവർക്ക് കാഷ് അവാർഡും നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ മൽസ്യ ബോർഡിന്റെ ഫിഷറീസ് ഓഫീസിലോ മേഖല ഓഫീസിലോ ജൂൺ 20 വരെ സ്വീകരിക്കും. ഫോൺ 0484 2396005.

## ഇഗ്നോയിൽ പ്രവേശനം

**തിരുവനന്തപുരം:** ഇന്ദിരാ ഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി (ഇഗ്നോ) ജൂലൈയിൽ ആരംഭിക്കുന്ന അക്കാഡമിക് സെഷനിലിലേക്കുള്ള ബിരുദ, ബിരുദാനന്തരബിരുദ, പി. ജി. ഡിപ്ലോമ സർട്ടിഫിക്കറ്റ് പ്രവേശനം (ഫ്രഷ്/റീറെജിസ്ട്രേഷൻ) ആരംഭിച്ചിരിക്കുന്നു. ഓൺലൈൻ വഴി അപേക്ഷിക്കേണ്ട അവസാന തീയതി 2023 ജൂൺ 30.

എം.ബി.എ റൂറൽ ഡെവലപ്മെൻറ്, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ടൂറിസം സ്റ്റഡീസ്, ഇംഗ്ലീഷ്, ഹിന്ദി, ഫിലോസഫി, ഗാന്ധി ആൻഡ് പീസ് സ്റ്റഡീസ്, എജുക്കേഷൻ, പബ്ലിക് അഡ്മിനിസ്ട്രേഷൻ, ഇക്കണോമിക്സ്, ഹിസ്റ്ററി, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, സൈക്കോളജി, അഡൾട്ട് എജുക്കേഷൻ, ഡെവലപ്മെൻറ് സ്റ്റഡീസ്, ജെൻഡർ ആൻഡ് ഡെവലപ്മെൻറ് സ്റ്റഡീസ്, ഡിസ്റ്റൻസ് എജുക്കേഷൻ, ആന്ത്രപ്പോളജി, കോമേഴ്സ്, സോഷ്യൽ വർക്ക്, ഡയറ്റെറ്റിക്സ് ആൻഡ് ഫുഡ് സർവീസ് മാനേജ്മെൻറ്, കൗൺസെലിങ് ആൻഡ് ഫാമിലി തെറാപ്പി, ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ്, ജേർണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ, എൻവയോൺമെന്റൽ സ്റ്റഡീസ് തുടങ്ങി വിവിധ വിഷയങ്ങളിൽ ബിരുദ, ബിരുദാനന്തരബിരുദ, പിജി ഡിപ്ലോമ സർട്ടിഫിക്കറ്റ് പ്രോഗ്രാമുകളിലേക്ക് അപേക്ഷകൾ സമർപ്പിക്കാം.

പ്രവേശനത്തിനുള്ള അപേക്ഷകൾ ഇനിപ്പറയുന്ന ലിങ്കുകൾ വഴി ഓൺലൈനായി സമർപ്പിക്കണം. https://ignouadmission.samarth.edu.in//https://onlinerr.ignou.ac.in/ ഇഗ്നോ ഓൺലൈൻ സംവിധാനം വഴി നിലവിൽ ജൂലൈ 2023 സെഷനിലേക്ക് രജിസ്റ്റർ ചെയ്ത പഠിതാക്കൾ അവരുടെ യൂസർ നെയ്മും പാസ്‌വേഡും ഉപയോഗിച്ച് അപേക്ഷ പരിശോധിക്കുകയും ന്യൂനതകൾ ഉണ്ടെങ്കിൽ പ്രവേശനം ഉറപ്പുവരുത്തുന്നതിന് മുൻപ് അവ നീക്കം ചെയ്യേണ്ടതുമാണ്.

വിശദവിവരങ്ങൾക്കായ് ഇഗ്നോ മേഖലാ കേന്ദ്രം, രാജധാനി ബിൽഡിംഗ്, കിള്ളിപ്പാലം, കരമന പി. ഓ. തിരുവനന്തപുരം 695 002 എന്ന വിലാസത്തിൽ ബന്ധപ്പെടണം. ഫോൺ: 2344113/2344120/9447044132. ഇമെയിൽ:rtcrivandrum@ignou.ac.in.

ഹരിതം



# കൊക്കോ: ഇനി വരുന്നത് വിലക്കയറ്റം

> കേരളത്തിലേക്ക് തിരിഞ്ഞാൽ ഇക്കുറി ആകർഷകമായ വിലയ്ക്ക് ചരക്ക് വിറ്റുമാറാൻ നമ്മുടെ കർഷകർക്ക് അവസരം ലഭിച്ചു. കഴിഞ്ഞ വർഷം കീടബാധകൾ കൃഷിയെയും മഴ ഉൽപന്ന ഗുണനിലവാരത്തെയും ബാധിച്ചിരുന്നു. എന്നാൽ മികച്ച ചരക്ക് ഇറക്കിയ കർഷകർക്ക് കിലോ കിലോ 230, 232 രൂപ വരെ ഉറപ്പ് വരുത്താനായപ്പോൾ ഹൈറേഞ്ച് ചരക്കിന് വ്യവസായികൾ 237 രൂപ വരെ വാഗ്ദാനം ചെയ്തു.

ബമ്പർ വിലയാണ് കൊക്കോ കർഷകരെ കാത്തിരിക്കുന്നത്. ഇക്കുറി ഉൽപാദകർ കൈവരിച്ച ആകർഷകമായ വിലയെയും മറികടക്കുന്ന പ്രകടനം ചോക്ക്ലേറ്റ് നിർമാതാക്കൾ കൊക്കോ കർഷകർക്ക് മുന്നിൽ അവതരിപ്പിക്കാനുള്ള സാധ്യത തെളിയുന്നു. നിലവിൽ കഠിനധ്വാനത്തിന്റെ ഒരു സീസൺ കഴിഞ്ഞ ക്ഷീണം മാറ്റുന്ന തിരക്കിലാണ് നമ്മുടെ ഉൽപാദകർ. ഓഗസ്റ്റിൽ പുതിയ വിളവ് വിൽപ്പനയ്ക്ക് ഇറക്കാനാവുമെന്ന നിഗമനത്തിലാണ് ഹൈറേഞ്ചിലെയും സംസ്ഥാനത്തെ മറ്റ് ഭാഗങ്ങളിലെയും കൊക്കോ കർഷകർ.

പസഫിക് സമുദ്രത്തിൽ താപനില ഉയർന്നുതുടങ്ങി. ഇത് വിരൽ ചുണ്ടുന്നത് എൽ നിനോ പ്രതിഭാസത്തിലേക്കാണ്. എട്ടു വർഷം മുൻപ് ആഗോള കാർഷിക മേഖലയിൽ വൻ കോളിളക്കം സൃഷ്ടിച്ച ഈ പ്രതിഭാസം അടുത്ത അങ്കത്തിനുള്ള ഒരുക്കത്തിലാണ്. 2015 ലെ പ്രതികൂല കാലാവസ്ഥയ്ക്കു ശേഷം കൊക്കോ വിലയിൽ വൻ കുതിച്ചു ചാട്ടം സംഭവിച്ചിരുന്നു. അന്ന് രാജ്യാന്തര മാർക്കറ്റിൽ കൊക്കോ പന്ത്രണ്ട് വർഷത്തെ ഉയർന്ന നിലവാരത്തിലേക്ക് കയറിയെങ്കിൽ, മുന്നിൽ സംഭവിക്കാൻ ഇടയുള്ള ബുൾ റാലിയിൽ കൊക്കോ കാൽ നൂറ്റാണ്ടിനിടയിലെ ഏറ്റവും വേഗമേറിയതും ശക്തവുമായ വിലക്കയറ്റമാവും കർഷകർക്ക് മുന്നിൽ കാഴ്ചവയ്ക്കുക.

ആഗോള കൊക്കോ ഉൽപാദനത്തിൽ മുൻപന്തിയിലുള്ള ഐവറി കോസ്റ്റിൽ ഇതിനകം തന്നെ ഉൽപാദനം കുറഞ്ഞ അവസ്ഥയിലാണ്. ആ നിലയ്ക്ക് എൽ നിനോ പ്രതിഭാസം സ്ഥിതിഗതികൾ കൂടുതൽ സങ്കീർണമാക്കുമെന്ന ആശങ്കയിലാണവർ. ഏപ്രിലിൽ തുടക്കം കുറിച്ച രണ്ടാം വിളവെടുപ്പിൽ കൊക്കോ ഉൽപാദനം 25 ശതമാനം ചുരുങ്ങുമെന്നാണ് പുതിയ വിലയിരുത്തൽ. നൈജീരിയയിലും ഉൽപാദനക്കുറവ് സംഭവിക്കുമെന്ന് ഏതാണ്ട് വ്യക്തമായതോടെ ഫണ്ടുകൾ കൊക്കോ അവധി വ്യാപാരത്തിൽ പിടിമുറുക്കി.

എൽ നിനോ കാലാവസ്ഥാ പ്രതിഭാസം മൂലം ആഗോള കൊക്കോ ഉൽപാദന മേഖലകൾ കനത്ത വരൾച്ചയുടെ പിടിയിൽ അകപ്പെടാം. അമേരിക്കൻ കാലാവസ്ഥ വിഭാഗത്തിന്റെ വിലയിരുത്തൽ പ്രകാരം പസഫിക് സമുദ്രത്തിന് കുറുകെയുള്ള സമുദ്രോപരിതല താപനില സാധാരണയേക്കാൾ 0.5 ഡിഗ്രി സെൽഷ്യസ് ഉയർന്നു. ഇത് എൽനിനോ മാനദണ്ഡങ്ങൾ പാലിക്കുന്ന നിലയിലേക്ക് കാറ്റിന്റെ ഗതിയിൽ മാറ്റം വരുത്തുന്നത് മഴയുടെ അളവ് ആ മേഖലയിൽ കുറയ്ക്കും.

രാജ്യാന്തര മാർക്കറ്റിൽ ഒക്ടോബറിൽ 2150 ഡോളർ വരെ താഴ്ന്ന് ഇടപാടുകൾ നടന്ന കൊക്കോ നിലവിൽ 3180 ഡോളറിലേക്ക് ഉയർന്നു. വിപണി ബുള്ളിഷ് മനോഭാവം നിലനിർത്തുകയാണെങ്കിലും 3400 ഡോളറിലെ ആദ്യ പ്രതിരോധം സെപ്റ്റംബറിനകം മറികടന്നാൽ 2016 ലെ ആവർത്തനം പോലെ 2024 ൽ കൊക്കോ വിലയെ 3826 ഡോളറെന്ന സർവകാല റെക്കോർഡിലേക്ക് കൈപിടിച്ച് ഉയർത്താം. ലോക വിപണിയിൽ ചോക്ക്ലേറ്റ് ഉൽപ്പന്നങ്ങൾക്ക് ഓരോ വർഷം പിന്നിടും തോറും ഡിമാൻഡ് ഉയരുന്നത് അന്താരാഷ്ട്ര മാർക്കറ്റിന് കരുത്ത് പകരും.

കേരളത്തിലേക്ക് തിരിഞ്ഞാൽ ഇക്കുറി ആകർഷകമായ വിലയ്ക്ക് ചരക്ക് വിറ്റുമാറാൻ നമ്മുടെ കർഷകർക്ക് അവസരം ലഭിച്ചു. കഴിഞ്ഞ വർഷം കീടബാധകൾ കൃഷിയെയും മഴ ഉൽപന്ന ഗുണനിലവാരത്തെയും ബാധിച്ചിരുന്നു. എന്നാൽ മികച്ച ചരക്ക് ഇറക്കിയ കർഷകർക്ക് കിലോ കിലോ 230, 232 രൂപ വരെ ഉറപ്പ് വരുത്താനായപ്പോൾ ഹൈറേഞ്ച് ചരക്കിന് വ്യവസായികൾ 237 രൂപ വരെ വാഗ്ദാനം ചെയ്തു. മുന്നിലുള്ള കാലയളവിലേക്കു വിലയിരുത്തിയാൽ കൊക്കോ വിപണിയിൽ ശ്രദ്ധയമായ മുന്നേറ്റത്തിന് സാധ്യത. കാലവർഷം അൽപം ദുർബലമെങ്കിലും തോട്ടങ്ങളിൽ കൂടുതൽ ശ്രദ്ധചെലുത്തിയാൽ അടുത്ത വർഷത്തെ ഉൽപാദനം ഉയർത്താൻ ആവശ്യമായ സമയം മുന്നിലുണ്ട്. അവസരം പ്രയോജനപ്പെടുത്താൻ കൊക്കോ ഉൽപാദകർ ശ്രമിച്ചാൽ എൽ നിനോ പ്രതിഭാസത്തിൽ ആഗോള വിപണിയിൽ സംഭവിക്കാൻ ഇടയുള്ള ചരക്ക് ക്ഷാമം വൻ വിലക്കയറ്റം നേട്ടമാക്കി മാറ്റാനാവും. മികച്ചയിനം കൊക്കോ കിലോ 320340 റേഞ്ചിലേക്ക് സഞ്ചരിക്കാനുള്ള സാധ്യതകളും ഇതിനിടെ ഉരുത്തിരിയാം.

## കമുങ്ങുകൃഷി; റബ്ബറിനേക്കാൾ കുറഞ്ഞ പരിപാലനവും കൂടിയ ലാഭവുമെന്ന് കർഷകർ

വില എത്ര ഇടിഞ്ഞാലും റബ്ബറിന് പകരക്കാരായി മറ്റൊരു വിളയെ കണ്ടെത്തുക ഏറെ പ്രയാസമുള്ള കാര്യമാണ്. ആ പ്രവണതയ്ക്ക് മാറ്റംവരുത്തി കവുങ്ങ് മടങ്ങിവരുന്നു. ഇടക്കാലത്ത് കൊക്കോയും, കാപ്പിയുമൊക്കെ പരീക്ഷിച്ചെങ്കിലും ഉള്ളതിൽ മെച്ചം കവുങ്ങാണെന്ന് ഭൂരിഭാഗം കർഷകരും തിരിച്ചറിഞ്ഞു.

ചുരുങ്ങിയ കാലത്തിനുള്ളിൽ വിളവെടുക്കാം, ഒപ്പം റബ്ബറിനേക്കാൾ ഇരട്ടി വിലയും. അധ്വാനവും പരിചരണച്ചെലവും നാലിലൊന്ന് മാത്രം. ജില്ലയുടെ കിഴക്കൻ മേഖലകളിലും കാഞ്ഞിരപ്പള്ളി, മുണ്ടക്കയം, കൂട്ടിക്കൽ, ഏന്തയാർ മേഖലകളിലും റബ്ബർ പൂർണമായി വെട്ടിമാറ്റി കവുങ്ങ് കൃഷിയിലേക്ക് മാറിയ നിരവധി കർഷകരാണുള്ളത്.



റബ്ബറിന് ഇടവിളയാക്കിയവരും പൂർണമായി കവുങ്ങ് മാത്രം കൃഷിചെയ്തവരും നിരവധിയാണ്. തോട്ടങ്ങളുടെ അതിരുകളിലും കവുങ്ങുകൾ സ്ഥാനം പിടിച്ചു. ഉണങ്ങിയ കൊട്ടപ്പാക്കിന് 300310 രൂപ വരെ വിലയുണ്ട്. പഴുത്ത അടയ്ക്കയ്ക്ക് അഞ്ചു രൂപയോളം കിട്ടും. ഹൈറേഞ്ച് മേഖലയിലെ വൻകിട തേയില തോട്ടങ്ങളിൽ പോലും കവുങ്ങുകൾ ഇടവിളയായി കൃഷിചെയ്തു തുടങ്ങി. പരമ്പരാഗത റബ്ബർ നഴ്സറികൾ പലതും തൈകളുടെ ഉത്പാദനം നാലിലൊന്നായി കുറച്ചു. പകരം ലക്ഷക്കണക്കിന് കവുങ്ങിൻ തൈകളാണ് ഓരോ വർഷവും ഉത്പാദിപ്പിക്കുന്നത്.

മംഗള ഇനത്തിൽപെട്ട കവുങ്ങിനും കുള്ളൻ കവുങ്ങുകൾക്കുമാണ് കൂടുതൽ ആവശ്യക്കാരുള്ളത്. കൃഷിചെയ്ത് രണ്ടര മുതൽ മൂന്ന് വർഷത്തിനുള്ളിൽ ഇവ കായ്ച്ചു തുടങ്ങും. തുടർന്നുള്ള വർഷങ്ങളിൽ വിളവ് ഇരട്ടിയാകും. നാടൻ കവുങ്ങുകളെ അപേക്ഷിച്ച് നാലിരട്ടിയിലേറെ ഉത്പാദനശേഷിയുമുണ്ട്. മുൻപ് അഞ്ച് രൂപ മുതൽ 10 രൂപയായിരുന്നു കവുങ്ങിൻതൈ വില. 30 മുതൽ 35 രൂപ വരെയാണ് ഇപ്പോൾ വില. മലബാർ മേഖലയിൽനിന്നാണ് ഇത്തരം കവുങ്ങിൻ തൈകൾ കൂടുതലായി മധ്യകേരളത്തിൽ എത്തിത്തുടങ്ങിയത്.

മറ്റ് വിളകളിൽനിന്നു കവുങ്ങ് കൃഷിയെ ജനകീയമാക്കുന്നത് ചുരുങ്ങിയ പരിപാലനവും മികച്ച വരുമാനവുമാണ്. പ്രത്യേക പരിപാലനമോ സ്ഥിരം ജോലിക്കാരോ ആശ്യമില്ല. ഉടമയ്ക്ക് സ്വയം കൃഷിചെയ്യാം. കാലാവസ്ഥയും പ്രശ്നമല്ല. ആറടി അകലത്തിൽ തൈകൾ നട്ടുപിടിപ്പിക്കാം. ചുരുങ്ങിയ സ്ഥലങ്ങളിൽപോലും കവുങ്ങുകൾ നടാം.



# തോടുകളിൽ മാലിന്യം; സാംക്രമികരോഗ ഭീതിയും

**അമ്പലപ്പുഴ:** തോടുകൾ മാലിന്യംകൊണ്ടു നിറഞ്ഞതോടെ സാംക്രമികരോഗ ഭീഷണിയും ശക്തമാകുന്നു. ഒരു പ്രദേശമാകെ സാംക്രമികരോഗ ഭീതിയിൽ. കണ്ടില്ലെന്നു നടിച്ച് ആരോഗ്യ വകുപ്പ്. അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് 12ാം വാർഡിൽ ഉൾപ്പെട്ട കമ്പിവളപ്പ് പ്രദേശത്തെ തോടുകളാണ് മലിനജലം നിറഞ്ഞു നീരൊഴുക്ക് നിലച്ചിരിക്കുന്നത്.

പ്രദേശത്തെ ചെമ്മീൻ പീലിംഗ് ഷെഡുകളിൽനിന്നുള്ള മലിനജലം ഇവിടുത്തെ തോടുകളിലാണ് വൻതോതിൽ ഒഴുകിയെത്തുന്നത്. ഇതാണ് തോടുകൾ മലിനജലവാഹിനികളാകാൻ പ്രധാന കാരണം. ഏറെ താഴ്ന്ന പ്രദേശമായ ഇവിടെ നിരവധി തോടുകളാണ് ഉണ്ടായിരുന്നത്. വ്യാപക തോടുകൈയേറ്റം മൂലം പലേടങ്ങളിലും ഇടുങ്ങി ചെറുതായി നീരൊഴുക്ക് നിലച്ച സ്ഥിതിയാണ്. ഈ തോടുകൾ കാപ്പിത്തോട്ടിലേക്കാണ് ഒഴുകിയെത്തുന്നത്.

വെള്ളക്കെട്ടുള്ള ഈ പ്രദേശത്ത് മഴക്കാലത്ത് ഓരോ വീടുകൾക്കു മുന്നിലേക്കും മലിനജലമാണ് ഒഴുകിയെത്തുന്നത്. ഇതുമൂലം കാലവർഷത്തിൽ ഇവിടെ ത്വക്ക് രോഗങ്ങൾ പടരുന്നതും പതിവാണ്. കിഫ്ബിയിൽനിന്നുള്ള 8.24 കോടി രൂപ ചെലവിൽ കാപ്പിത്തോട് പൂർവസ്ഥിതിയിലാക്കാൻ എച്ച്. സലാം എംഎൽഎ പദ്ധതി കൊണ്ടുവന്നിരുന്നു.

മണ്ണുമാന്തി യന്ത്രം ഉപയോഗിച്ചു കാപ്പിത്തോട്ടിലെ മാലിന്യം നീക്കം ചെയ്തെങ്കിലും കമ്പിവളപ്പിലെ തോടുകളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്ലാസ്റ്റിക് മാലിന്യങ്ങൾ അടക്കം നിറഞ്ഞ സ്ഥിതിയിലാണ് ഇവിടെ തോടുകൾ.

മഴക്കാലക്കെടുതികൾ മുന്നിൽക്കണ്ട് തോടുകൾ തെളിക്കാൻ അധികാരികൾ ഇതുവരെ തയാറായിട്ടില്ല. ആരോഗ്യവകുപ്പ് ഈ പ്രദേശത്തെ കണ്ടില്ലെന്നു നടിക്കുകയാണെന്നാണ് നാട്ടുകാരുടെ പരാതി.

സന്നദ്ധ പ്രവർത്തകർ വലപ്പോഴും തോട് വൃത്തിയാക്കുന്നതാണ് അല്പമെങ്കിലും ആശ്വാസമായിരുന്നത്. തോട്ടിലെ മാലിന്യങ്ങൾ നീക്കം ചെയ്തു സാംക്രമികരോഗങ്ങളിൽനിന്നു രക്ഷിക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.



## കൃഷിയിടത്തെ അടിസ്ഥാനമാക്കിയുള്ള കൃഷിരീതി കൊണ്ടുവരണം: മന്ത്രി പി. പ്രസാദ്

**ആലത്തൂർ:** സംസ്ഥാനത്ത് കൃഷിയിടത്തെ അടിസ്ഥാനമാക്കിയുള്ള കൃഷിരീതി കൊണ്ടുവരണമെന്നും മണ്ണിൻറെ സ്വഭാവം, പ്രത്യേകത, കാലാവസ്ഥ തുടങ്ങിയ പശ്ചാത്തലം അടിസ്ഥാനമാക്കി സങ്കരയിനം വിത്തുകൾ ഉപയോഗിച്ചുള്ള കൃഷിരീതി നടപ്പിലാക്കിയാൽ കർഷകർക്ക് കൂടുതൽ വരുമാനം ലഭ്യമാകുമെന്നും കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് പറഞ്ഞു.

അത്യുല്പാദനശേഷിയുള്ള ഹൈബ്രിഡ് പച്ചക്കറി വിത്തുകളുടെ വിതരണത്തിൻറെയും അന്താരാഷ്ട്ര മാനദണ്ഡങ്ങൾ അനുസരിച്ച് സജ്ജീകരിച്ച വിത്ത് പരിശോധന ലാബിൻറെയും ഉദ്ഘാടനം ആലത്തൂർ വിഎഫ്പിസികെയിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

തെരഞ്ഞെടുത്ത 150 ലധികം കർഷകർക്ക് വിഎഫ്പിസികെയിലൂടെ ഉത്പാദിപ്പിച്ച സങ്കരയിനം വിത്തുകൾ നൽകി അതിൽ നിന്ന് കൂടുതൽ വിത്തുത്പാദനം നടത്തുകയാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും വിത്തുകൾ വിതരണം ചെയ്യാൻ കഴിയണമെന്നും മന്ത്രി പറഞ്ഞു.

കൃഷിയുമായി ബന്ധപ്പെട്ട് സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്ക് പാലക്കാട് ഡി.പി.ആർ ക്ലിനിക്ക് ഓഗസ്റ്റ് മാസത്തോടെ നടപ്പിലാക്കാൻ ആലോചിക്കുന്നതായും മന്ത്രി പറഞ്ഞു. സർക്കാരിൻറെ നേതൃത്വത്തിൽ കർഷകർക്ക് ഉപകാരപ്രദമായ നിലയിൽ കേരളത്തിന് അകത്തും പുറത്തുമുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ജില്ലയിൽ ബിസിനസ് ടു ബിസിനസ് മീറ്റ് സംഘടിപ്പിക്കും. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകരുടെ പരാതികൾ പരിഹരിക്കുന്നതിന് ഹെൽപ് ഡസ്ക് തുറന്ന് പ്രവർത്തിക്കുമെന്നും മന്ത്രി പറഞ്ഞു. വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി അധ്യക്ഷനായി.

## ജനവാസ മേഖലയെ സിആർഇസഡ് രണ്ടിലേക്ക് മാറ്റണമെന്ന് ആവശ്യം

**കൊച്ചി:** തീരദേശ പരിപാലന നിയമത്തിൻറെ കരടിൽ പൊതുജനാഭിപ്രായം തേടി എറണാകുളം ജില്ലയിൽ നടത്തിയ പബ്ലിക് ഹിയറിംഗിൽ പരാതികളുടെ പ്രളയം. ജനവാസമേഖലയെ സിആർഇസഡ് രണ്ടു വിഭാഗത്തിലേക്ക് മാറ്റണമെന്ന പൊതു ആവശ്യത്തിനു പുറമേ മാപ്പിംഗിലെ പോരായ്മകളും കാറ്റഗറി നിർണയത്തിലെ പിശകുകളും ജനപ്രതിനിധികൾ ചൂണ്ടിക്കാട്ടി.

ഗൂഗിൾ മാപ്പിൻറെ സഹായത്തോടെ നടത്തിയ പഠനത്തിൻറെ എല്ലാ വിധ പോരായ്മകളും മാപ്പിംഗിലുണ്ടെന്ന് കൊച്ചി കോർപറേഷൻ സ്ഥിരം സമിതി അധ്യക്ഷൻ പി.ആർ. റെനീഷ് ചൂണ്ടിക്കാട്ടി. കണ്ടൽക്കാട് മാർക്ക് ചെയ്തതിലെ പിഴവ് കാരണം ജനവാസമേഖലയിൽ പോലും പുതിയ നിർമിതികൾക്കു തടസം നേരിടുകയാണ്. പാവപ്പെട്ടവർക്ക് വീടുവച്ചു നൽകുന്ന പിഎംഎവൈ പദ്ധതികളും മുടങ്ങുന്ന സ്ഥിതിയുണ്ട്. 19.5 കോടി മുടങ്ങി കോന്തുരുത്തി പുഴ നവീകരിക്കുന്ന ബൃഹത് പദ്ധതിക്കും മാപ്പിംഗിലെ പിഴവ് തിരിച്ചടിയായി. വടുതല മേഖലയിൽ പട്ടയം പതിച്ചു കിട്ടിയവരും സിആർഇസഡിൻറെ പരിധിയിൽ വന്നതോടെ വഴിമുട്ടിയ അവസ്ഥയിലാണെന്ന് കൗൺസിലർ ഹെൻട്രി ഓസ്റ്റിൻ ചൂണ്ടിക്കാട്ടി.



ഏലൂർ മേഖലയെ മലിനീകരണ തോതിൻറെ അടിസ്ഥാനത്തിലാണ് മാപ്പിംഗ് നടത്തിയിരിക്കുന്നതെന്ന പോരായ്മ ജനപ്രതിനിധികൾ ചൂണ്ടിക്കാട്ടി. എളങ്കുന്നപ്പുഴയിൽ 240 ഓളം ജല ഇടനാഴികളുള്ളപ്പോൾ 40 എണ്ണം മാത്രമേ മാപ്പിംഗിൾ ഉൾപ്പെട്ടിട്ടുള്ളൂ എന്ന് പഞ്ചായത്ത് പ്രതിനിധികൾ ചൂണ്ടിക്കാട്ടി. തീരദേശ മേഖലയിൽ പെടാത്ത ചേന്ദമംഗലം പഞ്ചായത്തിനെ സിആർഇസഡ് മൂന്ന് കാറ്റഗറിയിൽ ഉൾപ്പെടുത്തിയതിനാൽ നിർമാണ പ്രവർത്തനങ്ങൾക്ക് തിരിച്ചടിയായിരിക്കുകയാണെന്ന് ജനപ്രതിനിധികൾ പറഞ്ഞു.

കളമശേരി മുനിസിപ്പാലിറ്റിയിലെന്ന് കാട്ടി മാപ്പിൽ കാണിച്ചിട്ടുള്ള ഹസാർഡ് ലൈനും തീരദേശ പരിപാലന നിയമപരിധിയിൽ വരുന്ന മേഖലകളും തൃക്കാക്കര മുനിസിപ്പാലിറ്റി പരിധിയിൽ വരുന്നതാണെന്നും പിഴവ് തിരുത്തിയുള്ള മാപ്പ് തയാറാക്കണമെന്നും ചെയർപേഴ്സൺ ആവശ്യപ്പെട്ടു. തീരദേശ പ്ലാനിൽ ഉൾപ്പെടുന്ന കൊച്ചി കോർപറേഷൻ, പറവൂർ, ഏലൂർ, തൃപ്പൂണിത്തുറ, തൃക്കാക്കര, കളമശേരി, മരട് മുനിസിപ്പാലിറ്റികൾ വടക്കേക്കര, ചേന്ദമംഗലം, പുത്തൻവേലിക്കര, ചിറ്റാറ്റുകര, പള്ളിപ്പുറം, കുന്നുകര, കരുമാല്ലൂർ, കോട്ടുവള്ളി, ഏഴിക്കര, കുഴപ്പിള്ളി, എടവനക്കാട്, ആലങ്ങാട്, നായരമ്പലം, വരാപ്പുഴ, കടുങ്ങല്ലൂർ, കടമക്കുടി, ഞാറക്കൽ, ചേരാനല്ലൂർ, എളംകുന്നപ്പുഴ, മുളവുകാട്, ചെല്ലാനം, കുമ്പളം, കുമ്പളങ്ങി, ഉദയംപേരൂർ, ആമ്പല്ലൂർ പഞ്ചായത്തുകളിലെ പൊതുജനാഭിപ്രായമാണ് കളക്ടർ എൻ.എസ്.കെ. ഉമേഷിൻറെ നേതൃത്വത്തിൽ തേടിയത്.

സ്ഥലം നേരിട്ട് സന്ദർശിച്ച ശേഷം അതിർത്തികൾ പുനർനിശ്ചയിക്കണം. പരാതികളും അപേക്ഷകളും സമർപ്പിക്കാൻ കൂടുതൽ സമയം അനുവദിക്കണം. പ്ലാനുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചർച്ചകൾ നടത്തണ മെന്നതടക്കം നിർദേശങ്ങൾ ജനപ്രതിനിധികളായ ഹൈബി ഈഡൻ എംപി, എംഎൽഎമാരായ ടി.ജെ. വിനോദ്, കെ.എൻ. ഉണ്ണികൃഷ്ണൻ എന്നിവർ മുന്നോട്ടു വച്ചു.

ലഭിച്ച പരാതികൾ എല്ലാം സമയബന്ധിതമായി പരിശോധിക്കുമെന്ന് കേരള കോസ്റ്റൽ സോൺ മാനേജ്മെൻറ് അഥോറിറ്റി മെമ്പർ സെക്രട്ടറി സുനിൽ പമിദി പറഞ്ഞു. ഇനിയും പരാതികൾ നൽകാനുള്ളവർ 10 ദിവസത്തിനുള്ളിൽ സമർപ്പിക്കണം. പരാതികൾ പരിഹരിക്കുന്നതിനനുസരിച്ചു വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുമെന്നും വ്യക്തമാക്കി.

# മഴക്കാലം : പകർച്ചപ്പനിക്കെതിരെ ജാഗ്രത വേണം

- പനി നിസാരമായി കാണരുത്, ചികിത്സ തേടുക
- എല്ലാ പ്രധാന ആശുപത്രികളിലും പനി ക്ലിനിക്കുകൾ
- സ്വയം ചികിത്സ പാടില്ല

**കൊച്ചി:** മഴക്കാലമായതിനാൽ പകർച്ചപ്പനികൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ഡെങ്കിപ്പനി, ഇൻഫ്‌ളുവൻസ, എലിപ്പനി, സിക എന്നിവയ്‌ക്കെതിരേ ജാഗ്രത വേണം. നീണ്ടുനിൽക്കുന്ന പനി പകർച്ചപ്പനിയാകാൻ സാധ്യതയുള്ളതിനാൽ ആരംഭത്തിലേ ചികിത്സ തേടണം. സ്വയം ചികിത്സ പാടില്ല. എല്ലാ പ്രധാന ആശുപത്രികളിലും പനി ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. സർക്കാർ സ്വകാര്യ ആശുപത്രികളിൽ ചികിത്സാ പ്രോട്ടോകോൾ ലഭ്യമാക്കിയിട്ടുണ്ട്. ജീവനക്കാർക്ക് പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അവശ്യ മരുന്നുകൾ കെ.എം.എസ്.സി.എൽ. മുഖേന ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ആശുപത്രികളും മരുന്ന് ലഭ്യതയും സുരക്ഷാ സാമഗ്രികളുടെ ലഭ്യതയും ഉറപ്പ് വരുത്തണമെന്നും മന്ത്രി നിർദേശം നൽകി.ആരോഗ്യ വകുപ്പ് ആരോഗ്യ ജാഗ്രതാ കാമ്പയിന്റെ ഭാഗമായി 'മാരിയില്ലാ മഴക്കാലം' എന്ന പേരിൽ പ്രത്യേക കാമ്പയിൻ ആരംഭിച്ചു. മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഊർജിതമായി നടത്തിയിരുന്നു. ശുചീകരണത്തിൽ നിരന്തരമായ തുടർ പ്രവർത്തനങ്ങൾ ആവശ്യമാണ്. വീടും പരിസരവും സ്ഥാപനങ്ങളും വൃത്തിയായി സൂക്ഷിക്കണം. ഇതിലൂടെ ഡെങ്കിപ്പനി, സിക പോലുള്ള കൊതുകുജന്യ രോഗങ്ങൾ പ്രതിരോധിക്കാം. കൊതുകിന്റെ ഉറവിട നശീകരണം അതുകൊണ്ടുതന്നെ ഉറപ്പാക്കേണ്ടതാണ്. വീടും പരിസരവും ആഴ്ചയിലൊരിക്കൽ വൃത്തിയാക്കണം. വീടിന്റെ അകത്തെ ചെടിച്ചട്ടികൾ, ഫ്രിഡ്ജിന്റെ ട്രേ തുടങ്ങി പ്രത്യേകം ശ്രദ്ധിക്കണം.ഡെങ്കിപ്പനി, ചിക്കൻഗുനിയ, സിക തുടങ്ങിയ കൊതുകുജന്യ രോഗങ്ങൾ വരാതിരിക്കാൻ കൊതുകിന്റെ ഉറവിട നശീകരണം വളരെ പ്രധാനമാണ്. മാലിന്യങ്ങൾ വലിച്ചെറിയരുത്. പാഴ് വസ്തുക്കളിൽ മഴവെള്ളം കെട്ടിനിൽക്കാതെ നോക്കണം. സ്‌കൂളുകൾ, സ്ഥാപനങ്ങൾ, തോട്ടങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ, ആക്രിക്കടകൾ എന്നിവിടങ്ങളിൽ വെള്ളം കെട്ടി കിടക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ആക്രി സാധനങ്ങൾ മഴനനയാതിരിക്കാൻ മേൽക്കൂര ഉണ്ടായിരിക്കണം. നിർമ്മാണ സ്ഥലങ്ങളിലെ ടാങ്കുകളിലും മറ്റുമുള്ള വെള്ളം അടച്ച് സൂക്ഷിക്കണം. ആരോഗ്യ പ്രവർത്തകരും ആശാ പ്രവർത്തകരും ഇക്കാര്യം ഉറപ്പ് വരുത്തണം.രോഗം ബാധിച്ചാൽ ശ്രദ്ധിക്കാതിരുന്നാൽ എലിപ്പനി ഗുരുതരമാകും. അതിനാൽ മണ്ണിലും വെള്ളത്തിലും ഇറങ്ങുന്നവർ, ജോലി ചെയ്യുന്നവർ, കളിക്കുന്നവർ, തൊഴിലുറപ്പ് ജോലിക്കാർ എന്നിവർ എലിപ്പനി ബാധിക്കാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിക്കണം. ഹൈ റിസ്‌ക് ജോലി ചെയ്യുന്നവർ ഗ്ലൗസും കാലുറയും ഉപയോഗിക്കണം. എലിപ്പനിയെ പ്രതിരോധിക്കാൻ മണ്ണിലും, ചെളിയിലും, കെട്ടിക്കിടക്കുന്ന വെള്ളത്തിലും ഇറങ്ങുന്നവർ ആരോഗ്യ പ്രവർത്തകരുടെ ഉപദേശ പ്രകാരം എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്‌സിസൈക്ലിൻ ആഴ്ചയിലൊരിക്കൽ കഴിക്കണം. ആരോഗ്യ കേന്ദ്രങ്ങൾ വഴി ഡോക്‌സിസൈക്ലിൻ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. ഏത് പനിയും എലിപ്പനിയാകാൻ സാധ്യതയുള്ളതിനാൽ പ്രത്യേകം ശ്രദ്ധിക്കണം.മഴക്കാലത്ത് ബാധിക്കുന്ന പ്രധാന രോഗമാണ് വയറിളക്ക രോഗങ്ങൾ. ഭക്ഷണവും വെള്ളവും തുറന്ന് വയ്ക്കരുത്. തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുന്നത് ഏറ്റവും നല്ലത്. കിണർ തുടങ്ങിയ ജല സ്‌ത്രോതസുകളിൽ മലിന ജലം കലരാതെ സംരക്ഷിക്കണം. ക്ലോറിനേഷൻ കൃത്യമായി ചെയ്യണം. വെള്ളം എപ്പോഴും മൂടിവയ്ക്കുക. എല്ലാവരും ഒരുപോലെ ശ്രദ്ധിച്ചാൽ നമ്മുടേയും പ്രിയപ്പെട്ടവരുടേയും ആരോഗ്യം സംരക്ഷിക്കാമെന്നും മന്ത്രി വ്യക്തമാക്കി.

# പാലുൽപ്പാദനം വർധിപ്പിക്കാൻ തീറ്റ, കറവസമയ ക്രമങ്ങളിൽ മാറ്റങ്ങൾ വരുത്തണം: മന്ത്രി ജെ. ചിഞ്ചുറാണി




**കൊച്ചി:** പാലുൽപ്പാദനം ക്രമേണ വർധിപ്പിക്കാൻ പശുക്കളുടെ ആഹാരരീതി പരിശോധിച്ച് വിലയിരുത്തി വേണ്ട മാറ്റങ്ങളുമായി മുന്നോട്ട് പോകുമെന്ന് മൃഗസംരക്ഷണക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി പറഞ്ഞു. പശുക്കളിലെ പാലുൽപ്പാദനക്ഷമത ക്രമേണ കുറയ്ക്കുന്ന ഗുണനിലവാരം കുറഞ്ഞ അന്യസംസ്ഥാന കാലിത്തീറ്റകളുടെ വരവ് നിയന്ത്രിക്കുക, ആവശ്യമായ കാലിത്തീറ്റ സംസ്ഥാനത്തിനകത്ത് തന്നെ ഉൽപാദിപ്പിക്കുക തുടങ്ങിയവയ്ക്കെല്ലാം പ്രാധാന്യം നൽകുന്ന കാലിത്തീറ്റ കോഴിത്തീറ്റ ധാതുലവണ മിശ്രിത നിയമനിർമ്മാണം നടന്നു വരികയാണ്. അതിന് വേണ്ടിയുള്ള 15 അംഗ എം.എൽ.എ മാരുടെ സംഘം അടുത്തുതന്നെ ആന്ധ്രാപ്രദേശ് സന്ദർശിക്കുമെന്നും മന്ത്രി പറഞ്ഞു. ഇന്ത്യയിൽ ഏറ്റവും മികച്ച ഗുണമേന്മയുള്ള പാലുത്പാദന മേഖലയായി തിരഞ്ഞെടുത്ത മലബാർ മേഖല ഉദാഹരണം ആയെടുത്തു പരിശോധിച്ച് അവിടെ നടപ്പാക്കിയ ഗുണകരമായ മാറ്റങ്ങൾ മറ്റിടങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കും. പത്തനംതിട്ടയിലെ കന്നുകാലികളിൽ നടപ്പിലാക്കി വരുന്ന ഇ സമൃദ്ധ ആർഎഫ്ഐഡി(ഞഎകഉ) പദ്ധതി മറ്റു ജില്ലകളിലും ഉടനടി നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു.സുസ്ഥിര പാലുൽപ്പാദനം ലക്ഷ്യമിട്ടുള്ള പശുക്കളുടെ ശാസ്ത്രീയ ഭക്ഷണരീതികളെക്കുറിച്ചും അതത് പ്രായങ്ങളിൽ നൽകേണ്ട തീറ്റക്രമങ്ങളെക്കുറിച്ചുമുള്ള കേരള ഫീഡ്സിന്റെ പ്രത്യേക സെമിനാർ എറണാകുളം ബോൾഗാട്ടി പാലസിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുയായിരുന്നു മന്ത്രി. കേരള ഫീഡ്സ് എം.ഡി ഡോ. ബി ശ്രീകുമാർ സ്വാഗതം പറഞ്ഞ ചടങ്ങിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പ്രണബ് ജ്യോതിനാഥ്, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ.എ.കൗശിഗൻ, മിൽമ എം.ഡി ആസിഫ് കെ.യൂസഫ്, കേരള ഫീഡ്സ് ചെയർമാൻ കെ.ശ്രീകുമാർ, കെഎൽഡിബി എം.ഡി ഡോ.ആർ.രാജീവ്, വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ ന്യൂട്രീഷൻ വിഭാഗം മേധാവി ഡോ. കെ.അല്ലി, മൃഗസംരക്ഷണ വകുപ്പ് എസ്.എൽ.ബി.പി അഡീഷണൽ ഡയറക്ടർ ഡോ.ജിജിമോൻ ജോസഫ്, ഡോ.എം. ജി അജിത്, ക്ഷീര വികസന വകുപ്പ് ജോയിന്റ് ഡയറക്ടർ ശാലിനി ഗോപിനാഥ്, കോശി അലക്സ്, കേരള ഫീഡ്സ് എജിഎം ഉഷ പദ്മനാഭൻ തുടങ്ങിയവർ പങ്കെടുത്തു.

## കെൽട്രോൺ അംഗീകൃത ഫയർ ആന്റ് സേഫ്റ്റി കോഴ്സിലേയ്ക്ക് പ്രവേശനം ആരംഭിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിൽ ഒരു വർഷം ദൈർഘ്യമുള്ള കേരള ഗവൺമെന്റ് അംഗീകൃത പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഫയർ ആന്റ് സേഫ്റ്റി കോഴ്സിലേയ്ക്ക് അഡ്മിഷൻ ആരംഭിച്ചു. എസ്.എസ്.എൽ.സി ആണ് അടിസ്ഥാന യോഗ്യത. ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളവർക്ക് മുൻഗണന. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9526047815, 7561866186.

## സൗജന്യ തൊഴിൽ പരിശീലനം

**കൊച്ചി:** സ്‌കിൽ ഹബ് പദ്ധതിയിൽ, സൗജന്യ തൊഴിൽ പരിശീലനത്തിനായി യോഗ ട്രെയിനർ, പഴ്സണൽ ട്രയിനർ, ഹാൻഡ് എംബ്രോയ്ഡർ, എയർലൈൻ കാർഗോ അസിസ്റ്റന്റ്, എയർലൈൻ കസ്റ്റമർ സർവീസ് എക്സിക്യൂട്ടീവ് എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. താല്പര്യമുള്ളവർ ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. ലിങ്ക് വദ്ധേ://ളീൃാ. ഴഹല/വ7ചഗതഢഏണ7അടൗങ7ളഷഒ8 കൂടുതൽ വിവരങ്ങൾക്ക് ഫോൺ 8606923176, 80892 96480, അസാപ് കമ്മ്യൂണിറ്റി സ്‌കിൽ പാർക്ക് പെ രുമ്പാവൂർ ഡയറ്റ് ക്യാമ്പസ്, കുറുപ്പംപടി, എറണാകുളം.

## കയർ തൊഴിലാളികളുടെ വിഹിതം സ്വീകരിക്കുന്നു

**കൊച്ചി:** കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തുറവൂർ ഓഫീസിൽ അംഗങ്ങളായ കുമ്പളങ്ങി പഞ്ചായത്തിലെ കയർ തൊഴിലാളികളുടെ വിഹിതം ജൂൺ 16ന് കുമ്പളങ്ങി പഞ്ചായത്ത് ഓഫീസിൽ രാവിലെ 10 മുതൽ വൈകീട്ട് മൂന്നു വരെ സ്വീകരിക്കും. ക്ഷേമനിധി വിഹിതം കുടിശ്ശിക വരുത്തിയിട്ടുള്ള 60 വയസ്സ് പൂർത്തിയാകാത്ത തൊഴിലാളികൾക്ക് വിഹിതം അടക്കാം. നാളിതുവരെ ക്ഷേമനിധിയിൽ ചേർന്നിട്ടില്ലാത്തവർക്ക് പുതുതായി അംഗമാകാവുന്നതുമാണ്. എല്ലാ തൊഴിലാളികളും ഈ അവസരം വിനിയോഗിക്കണമെന്ന് സബ്ബ് ഓഫീസർ അറിയിച്ചു.

## ഐ.എച്ച്.ആർ.ഡി. വിവിധ ഡിപ്ലോമ കോഴ്സുകൾ

കൊച്ചി: കേരള സ്ഥാപനമായ ഐ.എച്ച്.ആർ.ഡി.യുടെ മോഡൽ സർക്കാർ പോളിടെക്നിക് കോളേജുകളിലും, പൂഞ്ഞാർ എഞ്ചിനീയറിംഗ് കോളേജിലും 20232024 അദ്ധ്യയന വർഷത്തിൽ വിവിധ ഡിപ്ലോമാ കോഴ്സിലേയ്ക്കുള്ള പ്രവേശനവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കുള്ള സംശയങ്ങൾ ദുരീകരിക്കുന്നതിനും, കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനും ഇനി പറയുന്ന സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന മോഡൽ പോളിടെക്നിക്കിൽ നേരിട്ടോ ഫോൺ നമ്പർ മുഖേനയോ ബന്ധപ്പെടാം. കരുനാഗപ്പള്ളി മറ്റക്കര (04812542022, 8547005081) പൈനാവ് (048622322460, 8547005084) മാള (04802720746, 8547005080) കുഴൽമന്ദം (04922 2729007, 8547005086) വടകര (04962524920, 8547005079) കല്യാശ്ശേരി (04972780287, 8547005082), പൂഞ്ഞാർ എഞ്ചിനീയറിംഗ് കോളേജ്, (04762623597, 8547005083), (8547005035, 9562401737), (യോഗ്യത എസ്.എസ്.എൽ.സി / പ്ലസ്സ് ടു പാസ്).

## താൽപര്യ പത്രം ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന പിന്നാക്ക വിഭാഗ വികസ വകുപ്പ് "എംപ്ലോയബിലിറ്റി എൻഹാൻസ് മെന്റ് പ്രോഗ്രാം"എന്ന പദ്ധതിയുടെ 202324 വർഷത്തെ മെഡിക്കൽ/എഞ്ചിനിയറിംഗ് പ്രവേശന പരീക്ഷകൾക്കുള്ള പരിശീലനം നൽകുന്ന സ്ഥാപനങ്ങളെ എംപാനൽ ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപന മേധാവികളിൽ നിന്നും താൽപര്യ പത്രം ക്ഷണിച്ചു. നിർദിഷ്ട മാതൃകയിൽ തയ്യാറാക്കിയ താല്പര്യ പത്രം (അപേക്ഷ) സമർപ്പിക്കേ അവസാന തിയ്യതി ജൂലൈ 10. കൂടുതൽ വിവരങ്ങൾക്ക് ംംം. യരററ.സല്യമഹമ.ഴീ.ശി, ംംം.ലഴൃമി്വ.സല്യമഹമ.ഴീ.ശിഎന്നീ വെബ് സൈറ്റുകൾ സന്ദർശിക്കാം. ഫോൺ എറണാകുളം മേഖലാ ആഫീസ് 0484 2983130

# ദുൽഖർ സൽമാൻ വെങ്കി അറ്റ്ലൂരി ചിത്രത്തിന് സംഗീതമൊരുക്കാൻ ജി.വി.പ്രകാശ്

**കൊച്ചി:** സിത്താര എന്റർടൈൻമെന്റ്സും ഫോർച്യൂൺ ഫോർ സിനിമാസും ചേർന്ന് നിർമ്മിക്കുന്ന പാൻ ഇന്ത്യൻ ദുൽഖർ സൽമാൻ ചിത്രത്തിന് സംഗീതമൊരുക്കാൻ ജി.വി.പ്രകാശ്. സൂപ്പർ ഹിറ്റ് സിനിമകൾക്ക് സംഗീതമൊരുക്കിയ ജി വി പ്രകാശിന്റെ ജന്മദിനത്തിലാണ് ചിത്രത്തിന്റെ അണിയറപ്രവർത്തകർ ഈ വിവരം ഒഫീഷ്യൽ ആയി അറിയിച്ചത്. വാത്തി, സൂരാരി പോട്ര്!, മദിരാശി പട്ടണം, ആടുകളം, തെറി, അസുരൻ, രാജാ റാണി തുടങ്ങി നിരവധി സൂപ്പർ ഹിറ്റ് ചിത്രങ്ങളിൽ ഹിറ്റ് ഗാനങ്ങൾ ഒരുക്കിയ സംഗീത സംവിധായകന്റെ ദുൽഖർ ചിത്രത്തിലും സർപ്രൈസുകൾ പ്രതീക്ഷിക്കുകയാണ് സംഗീതാരാധകർ.




പ്രൊഡക്ഷൻ നമ്പർ 24 സീതാ രാമത്തിന്റെ വൻ വിജയത്തിന് ശേഷം ദുൽഖർ തെലുങ്കിൽ അഭിനയിക്കുന്ന ചിത്രമാണ്. സിനിമയുടെ ചിത്രീകരണം ഒക്ടോബറിൽ ആരംഭിക്കും. ഹിറ്റ് ചിത്രം വാത്തിയുടെ വിജയത്തിനുശേഷം വെങ്കി അറ്റ്ലൂരി സംവിധാനം നിർവഹിക്കുന്ന ചിത്രമാണിത്. നാഗ വംശി,സായി സൗജന്യാ എന്നിവരാണ് ചിത്രത്തിന്റെ നിർമ്മാതാക്കൾ. കേരളത്തിൽ ദുൽഖറിന്റെ ഉടമസ്ഥതയിലുള്ള വേഫേറെർ ഫിലിംസ് ആണ് വിതരണം നിർവഹിക്കുന്നത്. ചിത്രത്തിന്റെ റിലീസ് അടുത്ത വർഷം സമ്മർ സീസണിൽ തിയേറ്ററുകളിലേക്കെത്തും. ലോകവ്യാപകമായി പ്രേക്ഷകർ സ്വീകരിച്ച സീതാ രാമത്തിനും പ്രേക്ഷക പ്രശംസയും അവാർഡുകളും തേടിയെത്തിയ ബോളിവുഡ് ചിത്രം ചുപ്പിനു ശേഷം ദുൽഖർ അഭിനയിക്കുന്ന പാൻ ഇന്ത്യൻ ചിത്രത്തിന്റെ കൂടുതൽ വിവരങ്ങൾ വരും ദിവസങ്ങളിൽ അറിയിക്കുമെന്ന് അണിയറപ്രവർത്തകർ അറിയിച്ചു. പി ആർ ഓ : പ്രതീഷ് ശേഖർ.

## 10ാം വാർഷികാഘോഷവുമായി നാസ്കോം ഫയ: 80

തിരുവനന്തപുരം: ടെക്നോപാർക്ക് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ടെക്നോളജി നോളഡ്ജ് ഗ്രൂപ്പായ ഫയ: 80 സംഘടിപ്പിക്കുന്ന മാസാന്ത സെമിനാറുകളുടെ പത്താം വാർഷികാഘോഷം ഇന്ന് നടക്കും. ടെക്നോപാർക്ക് തേജസ്വിനി ബിൽഡിങ്ങിലെ ഫയ ഫ് ളോർ ഓഫ് മാഡ്നസിൽ വൈകിട്ട് അഞ്ചിനാണ് പരിപാടി.പരിപാടിയിൽ പങ്കെടുക്കുന്നവർ തന്നെ നയിക്കുന്ന രീതിയിലാണ് സാധാരണ സെമിനാറുകളിൽ നിന്ന് വ്യത്യസ്തമായി അൺകോൺഫറൻസ് എന്ന് പേരിട്ടിരിക്കുന്ന പരിപാടി സംഘടിപ്പിക്കുന്നത്. തുറന്ന ചർച്ചകളും ആശയങ്ങളും അറിവും പങ്കുവെക്കുന്ന സെഷനുകളും പരിപാടിയുടെ ഭാഗമായി നടക്കും

## സൂച്ചിന്റെ റെഡ് ഡോട്ട് സെയിൽ

**തിരുവനന്തപുരം:** ജൂൺ എട്ടിന് തുടങ്ങിയ സൂച്ചിന്റെ റെഡ് ഡോട്ട് സെയിലിന് മികച്ച പ്രതികരണം. പ്രത്യേക വിൽപനയിൽ ഉപഭോക്താക്കളുടെ സ്റ്റൈൽ വർധിപ്പിക്കാൻ വിവിധ തരം വസ്ത്രങ്ങളാണ് രാജ്യത്തെ പ്രമുഖ വസ്ത്ര ബ്രാൻഡായ സൂച്ച് ഒരുക്കിയിരിക്കുന്നത്. ആകർഷകമായ ഇളവുകളോടെയാണ് വിൽപന. സ്റ്റൈലിഷ് സ്റ്റേറ്റ്മെന്റ് നടത്താൻ എത്നിക് വസ്ത്രങ്ങൾ തിരയുന്നവരെയും, സമ്മർ വാർഡ്രോബ് പുതുക്കാനുള്ള ട്രെൻഡി വസ്ത്രങ്ങൾ തിരയുന്നവരെയും സൂച്ച് റെഡ് ഡോട്ട് സെയിൽ ഒരുപോലെ തൃപ്തിപ്പെടുത്തുന്നു. വിവിധ മോഡലുകളിലുള്ള സാരികൾ, സൽവാർ സ്യൂട്ടുകൾ, കുർത്തകൾ, കുർത്ത സെറ്റുകൾ, ഡ്രസ് മെറ്റീരിയൽസ്, ട്യൂണിക്സ്, കഫ്താൻ എന്നിവയിൽ വിപുലമായ ശ്രേണിയാണ് റെഡ് ഡോട്ട് സെയിൽ വാഗ്ദാനം ചെയ്യുന്നത്. 50 ശതമാനം വരെ കിഴിവോടെ, രാജ്യത്തുടനീളമുള്ള സൂച്ച് സ്റ്റോറുകളിലും ഓൺലൈനിലും റെഡ് ഡോട്ട് വിൽപന ഉപഭോക്താക്കൾക്ക് ആസ്വദിക്കാം. 798 രൂപയാണ് പ്രാരംഭ വില. ഇകൊമേഴ്സ് പോർട്ടലുകൾക്ക് പുറമേ, തിരഞ്ഞെടുത്ത റിലയൻസ് സെൻട്രോ സ്റ്റോറുകളിലും, സൂച്ചിന്റെ വെബ്സൈറ്റിൽ ഓൺലൈനായും റെഡ് ഡോട്ട് സെയിൽ ആസ്വദിക്കാം.

# കാലവർഷം ശക്തിപ്രാപിക്കുന്നു: അപകടകരമായ മരങ്ങൾ അടിയന്തരമായി മുറിച്ചുമാറ്റണം

**കൊച്ചി:** കാലവർഷം ശക്തിപ്രാപിക്കുന്ന സാഹചര്യത്തിൽ സ്വകാര്യസർക്കാർ ഭൂമിയിൽ അപകടകരമായി നിൽക്കുന്ന മരങ്ങളും മരച്ചില്ലകളും അടിയന്തരമായി മുറിച്ചു മാറ്റണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.സ്വകാര്യ ഭൂമിയിൽ അപകടകരമായി നിൽക്കുന്ന മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ചു മാറ്റുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തദ്ദേശസ്ഥാപന സെക്രട്ടറിമാർക്ക് അധികാരമുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതികളോ നിർദ്ദേശങ്ങളോ, നിലവിൽ ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ടെങ്കിൽ അവ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഉടൻ തീർപ്പാക്കണം. മരങ്ങൾ, മരച്ചില്ലകൾ വീണു മരണം, നാശനഷ്ടം എന്നിവ ഉണ്ടാകുന്നില്ലെന്ന് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തണം. അപകടകരമെന്നും അടിയന്തരമായി മാറ്റേണ്ടത് എന്നും കണ്ടെത്തുന്ന മരങ്ങൾ, മരച്ചില്ലകൾ മുറിക്കുവാനുള്ള അനുമതി നൽകുന്നതിനു പ്രാദേശികമായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി, വില്ലേജ് ഓഫീസർ, പ്രദേശത്തെ വനം റേഞ്ച് ഓഫീസർ എന്നിവർ അടങ്ങുന്ന കമ്മിറ്റിയുടെ ചുമതലയാണ്. ഈ കമ്മിറ്റിയുടെ ശുപാർശയ്ക്ക് വിധേയമായി അടിയന്തരമായി മുറിക്കേണ്ട മരങ്ങൾ, ചില്ലകൾ ഉടൻതന്നെ മുറിക്കുവാനുള്ള നടപടികൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ സ്വീകരിക്കണം. വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റും കൈവശഭൂമിയിലെ അപകടകരമായി നിൽക്കുന്ന മരങ്ങൾ, മരച്ചില്ലകൾ അതാത് വകുപ്പുകളും ഏജൻസികളും തദ്ദേശ സ്വയംഭരണ സെക്രട്ടറിമാരും ചേർന്ന് മുറിച്ചു മാറ്റുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം. ഇതിനുള്ള തുക അതാത് വകുപ്പുകൾ കണ്ടെത്തണം. ഇവ മുറിച്ചു മാറ്റുമ്പോൾ മറ്റുള്ളവർക്ക് ബുദ്ധിമുട്ട് ഉണ്ടാവാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഈ നിർദ്ദേശങ്ങൾ പാലിക്കാത്ത വകുപ്പുകൾക്കായിരിക്കും മരം വീണ് ഉണ്ടാകുന്ന എല്ലാ അപകടങ്ങൾക്കും നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരം നൽകുവാൻ ബാധ്യത. അടിയന്തരമല്ലാത്ത സാഹചര്യത്തിൽ ട്രീ കമ്മിറ്റിയുടെ ശുപാർശ ഉണ്ടെങ്കിൽ മാത്രമേ മരങ്ങൾ ചില്ലകൾ മുറിക്കാവൂ.നിർദ്ദേശങ്ങൾ അനുസരിക്കാത്ത വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ആയിരിക്കും അവരവരുടെ ഭൂമിയിലുള്ള മരം വീണുണ്ടാകാവുന്ന എല്ലാ അപകടങ്ങൾക്കും നഷ്ട പരിഹാരം നൽകേണ്ട ബാധ്യത. അടിയന്തര സാഹചര്യങ്ങളിൽ മരങ്ങൾ, ചില്ലകൾ മുറിച്ചു മാറ്റുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്കും റവന്യൂ അധികാരികൾക്കും ആവശ്യമായ സഹായ സഹകരണം ഫയർ & റെസ്ക്യൂ, പോലീസ്, കെ.എസ്.ഇ.ബി ടുടങ്ങിയ വകുപ്പുകൾ/ ഏജൻസികൾ കൃത്യമായി ലഭ്യമാക്കണമെന്നും കളക്ടർ അറിയിച്ചു.

# മാലിന്യ പരിപാലന യജ്ഞം:നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കും

**കൊച്ചി:** കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലെ മാലിന്യ പരിപാലന യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന 'എന്റെ കടങ്ങല്ലൂർ ശുചിത്വം സുന്ദരം' പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ സ്ഥലങ്ങളിൽ സിസിടിവി ക്യാമറകൾ സ്ഥാപിക്കുന്നു. പൊതുസ്ഥലങ്ങളിൽ മാലിനന്യം തള്ളുന്നവരെ കണ്ടെത്തി നടപടി കർശനമാക്കുന്നതിന്റെ ഭാഗമായാണ് പഞ്ചായത്തിലുടനീളം നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നത്.പഞ്ചായത്തിലെ 21 വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ രൂപീകരിച്ച ശുചീകരണ കമ്മിറ്റിയിലെ അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകാനും ഹരിത കർമ്മ സേനയ്ക്ക് അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി മൂന്ന് ഇലക്ട്രിക് ഓട്ടോറിക്ഷകൾ വാങ്ങാനും തുമ്പൂർമുഴി മോഡലിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കാനും പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.എന്റെ കടുങ്ങല്ലൂർ ശുചിത്വം സുന്ദരം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ, ഹരിതകർമ്മ സേന, റസിഡൻസ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ, എന്നിവരുടെ സഹകരണത്തോടെ രൂപീകരിച്ച കമ്മിറ്റിയുടെ നേതൃത്വത്തിൽ മികച്ച പ്രവർത്തനങ്ങളാണ് പഞ്ചായത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. വീടുകൾ കയറിയിറങ്ങി ബോധവൽക്കരണം, മാലിന്യ സംസ്കരണത്തിൽ അവബോധം വളർത്താൻ നോട്ടീസ് വിതരണം, ചോദ്യാവലി തയ്യാറാക്കി സർവ്വേ, ജന



സമ്പർക്ക പരിപാടി സംഘടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ശുചീകരണ യജ്ഞത്തിൽ മികച്ച മുന്നേറ്റമാണ് പഞ്ചായത്ത് കൈവരിച്ചത്. സർവ്വേ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ കൂടുതൽ ബിയോബിന്നുകൾ വിതരണം ചെയ്യും. 747 ബിയോബിന്നുകൾ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഗ്രാമസഭകളിൽ മാലിന്യ പരിപാലനം അജണ്ടയായി സ്വീകരിച്ചു ചർച്ച ചെയ്തും ഹരിത സഭകൾ ചേർന്നുമാണ് പഞ്ചായത്തിൽ നടപ്പിലാക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത്. ജൂൺ 5 പരിസ്ഥിതി ദിനത്തിൽ വ്യവസായമന്ത്രി പി. രാജീവ് കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്ത പഞ്ചായത്തായി പ്രഖ്യാപിച്ചിരുന്നു.

# സ്പോർട്സ് ആൻഡ് മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് : കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാരിന്റെ നൈപ്യുണ്യ വികസന മിഷനായ കേരളാ അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ (കെയ്സ്) അക്രഡിറ്റേഷനോടു കൂടി സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് എഞ്ചിനീയറിംഗ് ഗവേഷണ പരിശീലന സ്ഥാപനമായ സ്പോർട്സ് ആൻഡ് മാനേജ്മെന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (എസ് എം ആർ ഐ) നടത്തുന്ന തൊഴിലധിഷ്ഠിത സ്പോർട്സ് മാനേജ്മെന്റ്, സ്പോർട്സ് എഞ്ചിനീയറിംഗ്, സ്പോർട്സ് സൈക്കോളജി, സ്പോർട്സ് ഫെസിലിറ്റി മാനേജ്മെന്റ് കോഴ്സുകളിലേക്ക് അഡ്മിഷന് അപേക്ഷ ക്ഷണിച്ചു.കായികതാരങ്ങൾ, പ്രൊഫഷണൽ ക്ലബുകൾ, ടൂർണമെന്റുകൾ, സ്പോർട്സ് ലീഗുകൾ എന്നിവയടക്കമുള്ള സ്പോർട്സ് പ്രോപ്പർട്ടികൾ സൃഷ്ടിക്കുന്നതിനും, അവയെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും ആവശ്യമായ പ്രൊഫഷണലുകളെ സൃഷ്ടിക്കുന്ന സ്വതന്ത്ര പഠന മേഖലയാണ് സ്പോർട്സ് മാനേജ്മെന്റ്. കളിക്കോപ്പുകളും, കളിക്കളങ്ങളും, മറ്റ് കായികാനുബന്ധിയായ ഉപകരണങ്ങളും, സങ്കേതങ്ങളും രൂപകല്പന ചെയ്യുകയും, നിർമ്മിക്കുകയും, കൈകാര്യം ചെയ്യുകയും ചെയ്യുന്ന എഞ്ചിനീയറിംഗ് ശാഖയാണ് സ്പോർട്സ് എഞ്ചിനീയറിംഗ്. എതിരാളികളുടെ മേൽ മാനസിക വിജയം നേടുന്നതിനും, പ്രകടനവുമായി ബന്ധപ്പെട്ട മാനസിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും കായികതാരങ്ങളെ സഹായിക്കുന്ന പ്രൊഫഷണലുകളാണ് സ്പോർട്സ് സൈക്കോളജിസ്റ്റുകൾ.പ്ലസ്ടു, ബിരുദം, എഞ്ചിനീയറിംഗ്, എം ബി എ എന്നിവ പൂർത്തിയാക്കിയവർക്ക് വിവിധ കോഴ്സുകളിലേയ്ക്ക് അപേക്ഷിക്കാം. സ്പോർട്സ് ഏജന്റ്, ക്ലബ് മാനേജർ, ലീഗ് മാനേജർ, സ്പോർട്സ് അനലിസ്റ്റ്, സ്കൗട്ട്, സ്പോർട്സ് ഡെവലപ്മെന്റ് ഓഫീസർ, സ്പോർട്സ് എഞ്ചിനീയർ, സ്പോർട്സ് ഫെസിലിറ്റി മാനേജർ, സ്പോർട്സ് സൈക്കോളജിസ്റ്റ്, ഫിറ്റ്നസ് കോച്ച് എന്നിങ്ങനെ സ്പോർട്സ് അനുബന്ധിയായ വിവിധ കരിയറുകൾക്കുള്ള പരിശീലനം ഈ കോഴ്സുകളിൽ നിന്നും ലഭിക്കും. ക്ലാസുകൾ ജൂലൈയിൽ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 8891675259, 9746868505, 7902633145. വെബ്സൈറ്റ് www.smri.in

# 32 കാരന്റെ നട്ടെല്ലിൽ നിന്ന് നീക്കം ചെയ്തത് ഡംബെൽ ആകൃതിയിലുള്ള അപൂർവ ട്യൂമർ

തിരുവനന്തപുരം: നെഞ്ചറ വരെ വ്യാപിച്ചിരുന്ന ഡംബെൽ ആകൃതിയിലുള്ള സ്പൈനൽ ട്യൂമർ കീഹോൾ ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്ത് കിംസ്ഹെൽത്ത് തിരുവനന്തപുരം. ന്യൂറോ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. അജിത് ആറിന്റെ നേതൃത്വത്തിൽ മിനിമലി ഇൻവേസീവ് എക്സിഷൻ ഓഫ് സ്പൈനൽ ട്യൂമർ ശസ്ത്രക്രിയയിലൂടെയാണ് 32 കാരന്റെ നട്ടെല്ലിൽ നിന്ന് ട്യൂമർ നീക്കം ചെയ്തത്. 1.8 രാ മാത്രം വ്യാസമുള്ള മുറിവിലൂടെ പ്രത്യേകം തയാറാക്കിയ ഉപകരണങ്ങൾ ഉപയോഗിച്ചായിരുന്നു നാല് മണിക്കൂർ നീണ്ട് നിന്ന ശസ്ത്രക്രിയ. വളരെ അപൂർവമായി മാത്രമാണ് ഇത്തരത്തിൽ നട്ടെല്ലിൽ നിന്ന് ട്യൂമർ ഡംബെൽ ആകൃതിയിൽ നെഞ്ചറയിലേക്ക് വ്യാപിക്കുന്നത്. കഴുത്തിലും വലതു കൈയിലും നെഞ്ചിന്റെ വലതുഭാഗത്തും കടുത്ത വേദനയുമായെത്തിയ രോഗിയിൽ നടത്തിയ എം.ആർ.ഐ പരിശോധനയിൽ നട്ടെല്ലിൽ ട്യൂമർ കണ്ടെത്തുകയായിരുന്നു. സാധാരണയായി നട്ടെല്ലിലെ ഇത്തരം ട്യൂമറുകൾ നീക്കം ചെയ്യുന്നതിനായി നെഞ്ചറയും നട്ടെല്ലും തുറന്നുള്ള സങ്കീർണ്ണ പ്രൊസീജിയർ ആവശ്യമായി വരുന്ന സാഹചര്യത്തിലാണ് ഒരു ചെറിയ മുറിവ് മാത്രമുണ്ടാക്കി കീഹോൾ ശസ്ത്രക്രിയയിലൂടെ ട്യൂമർ നീക്കം ചെയ്തത്.സമാനരീതിയിൽ നെഞ്ചറയിലേക്ക് ഡംബെൽ ആകൃതിയിൽ വ്യാപിക്കുന്ന ട്യൂമർ രോഗിയുടെ ജീവൻ തന്നെ അപകടത്തിലാക്കുന്നതാണ്. ട്യൂമർ വളരുന്നതനുസരിച്ച് കാലിന്റെ ചലനശേഷി നഷ്ടപ്പെടുകയും, നെഞ്ചിലെ രക്തക്കുഴലുകൾ നശിക്കാനുള്ള സാധ്യതയും കൂടുമെന്ന് ഇത്തരം കേസുകളുടെ അപൂർവ്വതയും സങ്കീർണ്ണതയും ചൂണ്ടിക്കാണിച്ചുകൊണ്ട് ഡോ. ആർ അജിത് പറഞ്ഞു. പരമ്പരാഗത രീതിയിലുള്ള ഓപ്പൺ സർജറിയാണ് ചെയ്തിരുന്നതെങ്കിൽ രോഗി രണ്ട് ആഴ്ച്ച വരെ ആശുപത്രിയിൽ തുടരേണ്ടതും കഠിനമായ വേദന അനുഭവിക്കേണ്ടി വരികയും കൂടിയ അളവിൽ വേദന സംഹാരികൾ കഴിക്കേണ്ടതുമായ സാഹചര്യമാണ് ഉണ്ടായിരുന്നത്. കീഹോൾ ശസ്ത്രക്രിയ നടത്തിയതിനാൽ മൂന്നു ദിവസത്തിനുള്ളിൽ രോഗിയെ ഡിസ്ചാർജ്ജ് ചെയ്യാൻ സാധിച്ചു.ന്യൂറോ സർജറി കൺസൾട്ടന്റുമാരായ ഡോ. അബു മദൻ, ഡോ. നവാസ് എൻ.എസ്, ഡോ. ബോബി ഐപ്പ്, ന്യൂറോ അനസ്തറ്റിസ്റ്റ് ഡോ. സുശാന്ത് ബി എന്നിവരും കീഹോൾ ശസ്ത്രക്രിയയുടെ ഭാഗമായി.

## നെല്ല് സംഭരണം:

# ഫെഡറൽ, കാനറ ബാങ്കുകൾ മൂന്നു ദിവസത്തിനകം തുകവിതരണം പൂർത്തിയാക്കും




**കൊച്ചി:** നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് നൽകാനുള്ള തുക ഫെഡറൽ, കനറാ ബാങ്കുകൾ അടുത്ത മൂന്നു ദിവസത്തിനകം പൂർണ്ണമായും വിതരണം ചെയ്യും. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി അഡ്വ. ജി ആർ അനിലിന്റെ അധ്യക്ഷതയിൽ ഓൺലൈനായി ചേർന്ന അവലോകന യോഗത്തിൽ ബാങ്ക് പ്രതിനിധികൾ അറിയിച്ചതാണിത്. ചില സാങ്കേതിക തകരാറുമൂലം തുക വിതരണം പൂർത്തിയാക്കാൻ ഒരാഴ്ച സമയം വേണ്ടിവരുമെന്ന് എസ് ബി ഐ യോഗത്തിൽ അറിയിച്ചു.നെല്ല് സംഭരണത്തിനായി സപ്ലൈകോ, കൺസോർഷ്യം ബാങ്കുകളായ എസ് ബി ഐ, കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവ വഴി പിആർഎസ് വായ്പയായി 700 കോടി രൂപയാണ് കർഷകന് വിതരണം ചെയ്യുന്നത്. ഇതുവരെ കാനറ ബാങ്ക് 144.5 കോടി രൂപയും, ഫെഡറൽ ബാങ്ക് 56.16 കോടി രൂപയും, എസ് ബി ഐ 22.7 കോടി രൂപയും നൽകിക്കഴിഞ്ഞു.ബാങ്കിലേക്ക് വരുന്ന കർഷകരെ സഹായിക്കാൻ ബ്രാഞ്ചുകളിൽ ഉദ്യോഗസ്ഥരെ നിയമിക്കുമെന്ന് കനറാ ബാങ്കിൻറെയും ഫെഡറൽ ബാങ്കിൻറെയും പ്രതിനിധികൾ യോഗത്തിൽ അറിയിച്ചു. ഇത് കൂടാതെ ഇന്ന് (ജൂൺ 14) മുതൽ കർഷകരുടെ സംശയ നിവാരണത്തിനായി കൊച്ചിയിലെ സപ്ലൈകോ കേന്ദ്ര കാര്യാലയത്തിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകീട്ട് അഞ്ചുവരെ കർഷകർക്ക് 0484 2207923 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.തുക വിതരണം അവലോകനം ചെയ്യുന്നതിനായി മന്ത്രിയുടെ അധ്യക്ഷതയിൽ യോഗത്തിൽ സപ്ലൈകോ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ ശ്രീറാം വെങ്കിട്ടരാമൻ, നെല്ല് വിഭാഗം മാനേജർ സുനിൽകുമാർ, കൺസോർഷ്യം ബാങ്കുകളുടെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തിരുന്നു.

# മലൈക്കോട്ടൈ വാലിബന് പാക്കപ്പ്




**കൊച്ചി:** സിനിമാസ്വാദകർ ആകാംഷയോടെ കാത്തിരിക്കുന്ന മോഹൻലാൽ ചിത്രം മലൈക്കോട്ടൈ വാലിബന് പാക്കപ്പ്. 130 ദിവസം നീണ്ടു നിന്ന ചിത്രീകരണമാണ് പൂർത്തിയാക്കി സംവിധായകൻ ലിജോ ജോസ് പെല്ലിശ്ശേരി പാക്കപ്പ് പറഞ്ഞത്. രാജസ്ഥാൻ, ചെന്നൈ, പോണ്ടിച്ചേരി എന്നീ സ്ഥലങ്ങളിലാണ് ചിത്രത്തിന്റെ ചിത്രീകരണം നടന്നത്. ഷിബു ബേബി ജോണിന്റെ ജോൺ ആൻഡ് മേരി ക്രിയേറ്റീവും കൊച്ചുമോന്റെ സെഞ്ചുറി ഫിലിംസും അനൂപിന്റെ മാക്സ് ലാബ് സിനിമാസും ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്.ലിജോ ജോസ് പെല്ലിശ്ശേരിയുടെ കരിയറിലെ ഏറ്റവും വലിയ കാൻവാസിൽ ഒരുങ്ങുന്ന ഹൈ ബഡ്ജറ്റഡ് സിനിമ എന്ന പ്രത്യേകതയും വാലിബനുണ്ട്. പ്രശാന്ത് പിള്ളയാണ് ചിത്രത്തിന്റെ സംഗീത സംവിധാനം. മധു നീലകണ്ഠനാണ് ചിത്രത്തിന്റെ ഛായാഗ്രഹണം. വസ്ത്രാലങ്കാരം റോണക്സ് സേവ്യർ ആണ്. മലൈക്കോട്ടൈ വാലിബന്റെ ഫസ്റ്റ് ലുക്കിനും പിറന്നാൾ ദിനത്തിൽ പുറത്തുവിട്ട ദൈർഘ്യം കുറഞ്ഞ ടീസറിനും ഗംഭീര പ്രേക്ഷകപ്രതികരണമാണ് ലഭിച്ചത്. ലിജോയുടെയും ടീമിന്റെയും മേക്കിങ് മികവിൽ മോഹൻലാൽ എന്ന പ്രതിഭാസത്തോടൊപ്പം മലയാള സിനിമയിൽ പുതിയ കാഴ്ചാനുഭവം മലൈക്കോട്ടൈ വാലിബൻ സമ്മാനിക്കുമെന്നുറപ്പാണ്. ചിത്രത്തിന്റെ റിലീസ് അപ്ഡേറ്റുകൾ പോസ്റ്റ് പ്രൊഡക്ഷൻ വർക്കുകൾ കഴിയുന്നതനുസരിച്ച് പ്രേക്ഷകരിലേക്കെത്തും. പി ആർ ഓ പ്രതീഷ് ശേഖർ.

# കൊച്ചിയിൽ നിന്ന് ഇൻഡിഗോയുടെ ദമാം, ബഹ്റിൻ സർവീസുകൾ തുടങ്ങി



**കൊച്ചി:** കൊച്ചിയിൽ നിന്ന് ദമാമിലേയ്ക്കും ബഹ്റിനിലേയ്ക്കും ഇൻഡിഗോ എയർലൈൻസ് പ്രതിദിന സർവീസുകൾ തുടങ്ങി. രാവിലെ 9.0 നാണ് ദമാമിലേയ്ക്കുള്ള പുറപ്പെടൽ സമയം. വൈകീട്ട് 7.35 ന് കൊച്ചിയിൽ എത്തും. രാത്രി 8.35 നാണ് ബഹ്റിനിലേയ്ക്കുള്ള വിമാനം പുറപ്പെടുന്നത്. രാവിലെ 6.55 ന് തിരികെ കൊച്ചിയിലെത്തും. ഇതോടെ കൊച്ചിയിൽ നിന്നുള്ള മൊത്തം ഇൻഡിഗോ സർവീസുകളുടെ എണ്ണം 74 ആയി.ഇൻഡിഗോയുടെ ദമാം, ബഹ്റിൻ സർവീസുകൾ സിയാൽ മാനേജിങ് ഡയറക്ടർ എസ്.സുഹാസ് ഉദ്ഘാടനം ചെയ്തു. എയർപോർട്ട് ഡയറക്ടർ മനു ജി, കമ്പനി സെക്രട്ടറി സജി കെ.ജോർജ്, ഇൻഡിഗോ എയർപോർട്ട് മാനേജർ റോബി ജോൺ തുടങ്ങിയവർ പങ്കെടുത്തു.

## ഷൂലിനി സർവകലാശാല യൂണിവേഴ്സിറ്റി ഓഫ് മെൽബണുമായി ധാരണയിൽ

**കൊച്ചി:** ഷൂലിനി സർവകലാശാല ആസ്ട്രേലിയയിലെ മെൽബൺ സർവകലാശാലയുമായി ഇരുട്ട ബിരുദത്തിനുള്ള പങ്കാളിത്തത്തിൽ ഏർപ്പെട്ടു. ഇത്തരത്തിൽ പങ്കാളിത്തമുാക്കുന്ന ആദ്യ ഇന്ത്യൻ സ്വകാര്യ സർവകലാശാലയാണ് ഷൂലിനി. യോഗ്യരായ വിദ്യാർത്ഥികൾക്ക് അധികമായി ഒരു വർഷത്തേക്ക് പഠനം ദീർഘിപ്പിക്കാനും മെൽബൺ സർവകലാശാലയിൽ നിന്ന് മാസ്റ്റേഴ്സ് ബിരുദം പൂർത്തിയാക്കാനും സാധിക്കും. ഇതിനു പുറമെ ആസ്ട്രേലിയയിൽ പഠനാനന്തര ജോലിക്ക് അപേക്ഷിക്കാൻ അവസരം ലഭിക്കുകയും ചെയ്യും. ടൈംസ് ഹയർ എജ്യൂക്കേഷന്റെ ആഗോള സർവകലാശാലാ റാങ്കിങ് പ്രകാരം ഇന്ത്യയിലെ ഏറ്റവും മികച്ച സ്വകാര്യ സർവകലാശാലയായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനമാണ് ഷൂലിനി സർവകലാശാല.

## 'സോംനാഥ് ഹോർ' പുസ്തകപ്രകാശനം

**കൊച്ചി:** കേരള ലളിതകലാ അക്കാദമി പ്രസിദ്ധീകരിക്കുന്ന 'സോംനാഥ് ഹോർ' പുസ്തകം ഇന്ന് പ്രകാശനം ചെയ്യും.
പ്രകാശനം ചെയ്യുന്നു. കലാനിരൂപകൻ എം. രാമചന്ദ്രൻ എഡിറ്റു ചെയ്ത അഞ്ചോളം ലേഖനങ്ങളുള്ള പുസ്തകത്തിന്റെ പ്രകാശന കർമ്മം മുൻ സാംസ്കാരിക വകുപ്പു മന്ത്രി എം.എ. ബേബി നിർവ്വഹിക്കും. കോഴിക്കോട് പുതിയറയിലുള്ള എസ്.കെ. പൊറ്റെക്കാട്ട് കൾച്ചറൽ സെന്ററിൽ ഇന്ന് വൈകുന്നേരം 3.30ന് അക്കാദമി ചെയർപേഴ്സൺ മുരളീ ചീരോത്തിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ കലാ സാംസ്കാരിക പ്രവർത്തകരായ വി.കെ. ശ്രീരാമൻ, കെ.എൻ. ഷാജി തുടങ്ങിയവർ സംബന്ധിക്കും. അക്കാദമി സെക്രട്ടറി എൻ. ബാലമുരളീകൃഷ്ണൻ സ്വാഗതവും, എം. രാമചന്ദ്രൻ കൃതജ്ഞതയും രേഖപ്പെടുത്തും.അവിഭക്ത ബംഗാളിലെ ചിറ്റഗോംഗ് ജില്ലയിലെ ബറാമ ഗ്രാമത്തിൽ (ഇന്നത്തെ ബംഗ്ലാദേശ്) 1921ലാണ് സോംനാഥ് ഹോർ ജനിച്ചത്. കാലത്തോടും രാഷ്ട്രീയത്തോടും നീതി പുലർത്തിക്കൊ തന്നെ തന്റെ കലാപ്രവർത്തനത്തിൽ ഇടപെട്ട കലാകാരനാണദ്ദേഹം. ജീവിതാവസാനം വരെ കലാപ്രവർത്തനത്തിൽ സക്രിയമായിരിക്കുമ്പോഴും തന്റെ രാഷ്ട്രീയ സാന്നിധ്യത്തിന് ഒരു കുറവും അദ്ദേഹം വരുത്തിയിരുന്നില്ല. ഇന്ത്യൻ കലാചരിത്രത്തിൽ ഗ്രാഫിക് പ്രിന്റ് മേക്കിങ്ങിൽ പ്രഥമ സ്ഥാനീയനായ സോംനാഥ് ഹോറിന്റെ ലിതോഗ്രാഫുകളും എച്ചിങ്ങുകളും ഏറെ ശ്രദ്ധേയമാണ്.

## ആസ്ക് ഓട്ടോമോട്ടീവ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇരുചക്രവാഹനങ്ങൾക്കുള്ള ബ്രേക്ക്ഷൂവിന്റെയും അഡ്വാൻസ്ഡ് ബ്രേക്കിംഗ് സംവിധാനങ്ങളുടെയും ഇന്ത്യയിലെ ഏറ്റവും വലിയ നിർമ്മാതാക്കളായ ആസ്ക് ഓട്ടോമോട്ടീവ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഓഹരിയൊന്നിന് 2 രൂപ മുഖവിലയുള്ള 29,571,390 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# 36816 ഇലക്ട്രിക്ക് വാഹനങ്ങൾ വിറ്റഴിച്ച് 14.6 % വിപണി വിഹിതം നേടി മഹീന്ദ്ര ആൻഡ് മഹീന്ദ്ര

**കൊച്ചി:** 2023ൽ 36816 ഇലക്ട്രിക്ക് വാഹനങ്ങൾ വിറ്റഴിച്ച് 14.6 % വിപണി വിഹിതം നേടി മഹീന്ദ്ര ആൻഡ് മഹീന്ദ്രയുടെ ഡിവിഷനായ മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി (എൽ എം എം). 2022 സാമ്പത്തിക വർഷത്തിലെ 17 522 യൂണിറ്റുകളുടെ വിൽപ്പനയിൽ നിന്നും 7.6% വിപണി വിഹിതത്തോടെ ഉയർന്നു. ഇന്ത്യയിലുടനീളമുള്ള വ്യാപകമായ 1150 ടച്ച് പോയിന്റുകളും 10,000+ ചാർജിംഗ് സ്റ്റേഷനുകളും മഹീന്ദ്രയുടെ വിശ്വാസ്യതയും മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി ഒന്നാം സ്ഥാനത്തേക്ക് എത്തിക്കാൻ സഹായിച്ചതായി മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി സിഇഒ സുമൻ മിശ്ര പറഞ്ഞു.2023ൽ,മഹീന്ദ്ര ലാസ്റ്റ് മൈൽ മൊബിലിറ്റി പവർപാക്ക്ഡ് ത്രീവീലറായ സോർ ഗ്രാൻഡ് ലോഞ്ച് ചെയ്തു, ഇത് ലോഞ്ച് ചെയ്ത് ഒരു വർഷത്തിനുള്ളിൽ 23 000ത്തിലധികം ഓർഡറുകൾ നേടാനും കഴിഞ്ഞു. സോർ ഗ്രാൻഡിന് പുറമെ ഇലക്ട്രിക് പോർട്ട്ഫോളിയോയിൽ ട്രിയോ ശ്രേണിയിലുള്ള വാഹനങ്ങളും അൽഫാ മിനി & കാർഗോ എന്നിവയും ഉൾപ്പെടുന്നു. 2023 സാമ്പത്തിക വർഷത്തിൽ, ഉയർന്ന വിപണി വിഹിതമുള്ള ഇലക്ട്രിക് ത്രീവീലറുകളിൽ തങ്ങൾ തങ്ങളുടെ വിപണി നേതൃത്വം തുടർന്നുവെന്നും ജൂൺ 23 ൽ, ഈ മേഖലയിലെ തങ്ങളുടെ ആഴത്തിലുള്ള അനുഭവവും നേതൃത്വവും പ്രതിഫലിപ്പിക്കുന്ന വിധത്തിൽ ഒരു ലക്ഷം ഇലട്രിക് വാഹന വിൽപ്പന എന്ന നാഴികക്കല്ലും ഇപ്പോൾ നേടിയിരിക്കുന്നുവെന്നും സുമൻ മിശ്ര പറഞ്ഞു.നൂതനവും സുസ്ഥിരവും താങ്ങാനാവുന്നതുമായ ലാസ്റ്റ് മൈൽ മൊബിലിറ്റി സൊല്യൂഷനുകൾ നൽകുന്നതിന് തങ്ങൾ തുടർന്നും പ്രവർത്തിക്കുന്നു, ഇത് രാജ്യത്തിന്റെ കാർബൺ എമിഷൻ ലക്ഷ്യങ്ങളിലേക്ക് സംഭാവന നൽകിക്കൊണ്ട് ഞങ്ങളുടെ മൂല്യമുള്ള ഉപഭോക്താക്കളുടെ ജീവിതം മെച്ചപ്പെടുത്താൻ കൂടി സഹായിക്കുന്നുവെന്നും സുമൻ മിശ്ര പറഞ്ഞു




## വി എച്ച് എസ് ഇ ട്രയൽ അലോട്ട്മെന്റ്

**കൊച്ചി:** 2023-24 അധ്യയന വർഷത്തെ ഹയർസെക്കൻഡറി (വൊക്കേഷണൽ) പ്രവേശനത്തിന്റെ ട്രയൽ അലോട്ട്മെന്റ് **www.admission.dge.kerala.gov.in se Higher Secondary (Vocational) Admission** എന്ന ലിങ്കിൽ പ്രസിദ്ധീകരിച്ചു. സംസ്ഥാനത്തെ 388 സ്കൂളുകളിലേക്കുള്ള ട്രയൽ അലോട്ട്മെന്റ് റിസൾട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.**Trial Allotment Result** എന്ന ലിങ്കിലെ **Candidate Login** ൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫോൺ നമ്പറും പാസ്‌വേർഡും നൽകിയാൽ അലോട്ട്മെന്റ് പരിശോധിക്കാം.എസ്.എസ്.എൽ.സി റിവാല്യുവേഷൻ വഴി മാർക്ക് വ്യത്യാസം വന്നിട്ടുള്ള കുട്ടികൾ ലോഗിൻ ചെയ്ത് ഗ്രേഡ് വിവരങ്ങൾ പരിശോധിച്ച് സേവ് ചെയ്ത് കൺഫർമേഷൻ ചെയ്യണം. അപേക്ഷാ വിവരങ്ങൾ അപൂർണ്ണമായി നൽകിയ വിദ്യാർഥികൾക്കും അപേക്ഷ പൂർത്തിയാക്കി കൺഫർമേഷൻ നടത്താം.ഓപ്ഷനുകൾ ഉൾപ്പെടെയുള്ള തിരുത്തലുകൾ ആവശ്യമുള്ളവർ കാൻഡിഡേറ്റ് ലോഗിൻ ചെയ്ത ശേഷം ആവശ്യമായ തിരുത്തലുകൾ ജൂൺ 15 വൈകിട്ട് 5നകം നടത്തണം. അപേക്ഷ നൽകിയിട്ടുള്ള എല്ലാ വിദ്യാർഥികളും ട്രയൽ അലോട്ട്മെന്റ് റിസൾട്ട് പരിശോധിക്കണം. എല്ലാ ഹയർസെക്കൻഡറി (വൊക്കേഷണൽ) സ്കൂളുകളിലെയും ഹെൽപ്ഡെസ്ക് സൗകര്യം ഇതിനായി പ്രയോജനപ്പെടുത്താം.

# കൊച്ചി മെട്രോ മെഗാ ഫെസ്റ്റ്: ക്വിസ് മത്സരം ജൂൺ 17ന്



**കൊച്ചി:** കൊച്ചി മെട്രോയുടെ ആറാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി ഭാരത് പെട്രോളിയത്തിന്റെ സഹകരണത്തോടെ കൊച്ചി മെട്രോ 'ബോബനും മോളിയും' എന്ന പേരിൽ ഓപ്പൺ ക്വിസ് മത്സരം സംഘടിപ്പിക്കുന്നു. പ്രായഭേദമന്യേ ഒരു പുരുഷനും ഒരു വനിതയുമടങ്ങുന്ന ടീമുകളായി മത്സരത്തിൽ പങ്കെടുക്കാം.അച്ഛനും മകളും, അമ്മയും മകനും, സഹോദരീ സഹോദരന്മാർ, ഭാര്യാ ഭർത്താക്കന്മാർ, സുഹൃത്തുക്കൾ ഇങ്ങനെ ആർക്ക് വേണമെങ്കിലും ടീമുകളാകാം.സിനിമ, സ്പോർട്സ്, കേരളം, മെട്രോ തുടങ്ങിയവയുമായി ബന്ധപ്പെട്ട ചോദ്യങ്ങളടങ്ങുന്ന പൊതു വിജ്ഞാന ക്വിസ് മത്സരത്തിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കും, പ്രൊഫഷനലുകൾക്കും, സീനിയർ സിറ്റിസൺ, തുടങ്ങിയവർക്കും പങ്കെടുക്കാം. വിജയികൾക്ക് സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡ് അടക്കം മുപ്പത്തി അയ്യായിരത്തോളം രൂപയുടെ സമ്മാനങ്ങൾ ലഭിക്കും .കാണികൾക്കും സമ്മാനങ്ങൾ നേടാൻ അവസരമുണ്ട്. ക്യൂ ഫാക്റ്ററിയുമായി ചേർന്നാണ് കൊച്ചി മെട്രോ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്. സ്നേഹജ് ശ്രീനിവാസ് ക്വിസ് മാസ്റ്ററായെത്തും.കേരള മെട്രോ റെയിൽ ദിനമായ ജൂൺ 17 ന് ഉച്ചക്ക് 2 മണിക്ക് പ്രിലിമിനറി റൗണ്ടും തുടർന്ന് സെമി ഫൈനലും ഫൈനലും നടക്കും. വൈറ്റില മെട്രോ സ്റ്റേഷനിൽ വച്ചാണ് മത്സരം നടക്കുന്നത്. മത്സരത്തിൽ മുൻ കൂട്ടി ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമാണ് അവസരം. രജിസ്ട്രേഷൻ ഫീ ഇല്ല. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും +91 79076 35399 എന്ന നമ്പറിൽ ബന്ധപ്പെടാം.


LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS

LiVa KITCHENS & INTERIORS | TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE

SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663